# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മേലാർകോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA.PKD.18-308/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 08/06/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേലാർകോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.18-308/2022 തീയ്യതി: 08/06/2022

## പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-11-2019 മുതൽ 11-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ.സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 12-01-2022 | 28-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-01-2022 | 28-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.മായൻ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-12-2020 | 29-12-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ടി.വത്സല | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.മനോജ്.ജി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.നിഷിത.കെ.എ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.നികിത നായർ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2020 | 31-03-2021 |
| ശ്രീമതി.നാൻസി സി.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി അഷിതമോൾ.സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-I | 01-04-2020 | 31-03-2021 |
| ശ്രീമതി കവിത.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർII | 01-04-2020 | 13-10-2020 |
| ശ്രീമതി ജാൻസി ജയിംസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർII | 14-10-2020 | 31-03-2021 |
| ഡോ. രാജി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 29-01-2021 |
| ഡോ. സ്റ്റീഫൻ ജോസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 30-01-2021 | 31-03-2021 |
| ശ്രീമതി.താജുമ്മ | ഐ,സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 16-11-2020 |
| ശ്രീമതി.ബിന്ദു.ടി | ഐ,സി.ഡി.എസ് സൂപ്പർവൈസർ | 17-11-2020 | 31-03-2021 |
| ശ്രീമതി.രശ്മി.ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 16-10-2020 |
| ശ്രീമതി ഷീല.ടി.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-10-2020 | 20-01-2021 |
| ശ്രീ.സുരേഷ്കുമാർ. എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-01-2021 | 31-03-2021 |
| ശ്രീ.മോഹന ചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.അനൂപ്.കെ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.അരുണ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Geetha K (Auditor, On 13-01-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Saritha P (Senior Grade Auditor, On 09-02-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Saritha P (Senior Grade Auditor, On 29-01-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 1-2-1 |
| 4 | സാമ്പത്തിക നില<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Saritha P (Senior Grade Auditor, On 13-01-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Saritha P (Senior Grade Auditor, On 12-01-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: K.G.Robert (Audit Officer, On 14-01-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Saritha P (Senior Grade Auditor, On 03-02-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Geetha K (Auditor, On 30-01-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: K.G.Robert (Audit Officer, On 02-02-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: C.S.Santhosh (Audit Officer, On 03-02-2022) | 1-10 |
| 12 | തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ<br>Written By: Geetha K (Auditor, On 29-01-2022)<br>Last Updated By: Geetha K (Auditor, On 04-02-2022) | 1-11 |
| 13 | സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Geetha K (Auditor, On 29-01-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-11-1 |
| 14 | ക്ഷീരോൽപാദക സഹകരണ സംഘങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Geetha K (Auditor, On 29-01-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-11-2 |
| 15 | വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷിനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Geetha K (Auditor, On 30-01-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 1-12 |
| 16 | വസ്തു നികുതി - രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ<br>Written By: Geetha K (Auditor, On 29-01-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-13 |

| | | |
|---|---|---|
| 17 | റസിഡൻഷ്യൽ ഹോം സ്റ്റേകൾക്ക് വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല<br>Written By: Geetha K (Auditor, On 29-01-2022)<br>Last Updated By: Geetha K (Auditor, On 07-02-2022) | 1-13-1 |
| 18 | എം.എസ്.എം.ഇ കളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 30-01-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-13-2 |
| 19 | ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷവും വസ്തു നികുതി ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്നു<br>Written By: Geetha K (Auditor, On 30-01-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-13-3 |
| 20 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം<br>Written By: Geetha K (Auditor, On 30-01-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-13-4 |
| 21 | അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി - നിയമാനുസൃതമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Geetha K (Auditor, On 30-01-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-13-5 |
| 22 | വസ്തുനികുതി കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 30-01-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-13-6 |
| 23 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 30-01-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-13-7 |
| 24 | കടമുറികൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 31-01-2022)<br>Last Updated By: C.S.Santhosh (Audit Officer, On 03-02-2022) | 1-14 |
| 25 | ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം -അനർഹരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്<br>Written By: Saritha P (Senior Grade Auditor, On 03-02-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 1-15 |
| 26 | നെൽകൃഷിക്ക് കൂലി ചെലവനുള്ള മുഴുവൻ തുകയും ലഭ്യമാക്കിയില്ല<br>Written By: Geetha K (Auditor, On 30-01-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-16 |
| 27 | ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 1-17 |
| 28 | കെട്ടിടങ്ങൾ നിഷ്ക്രിയാസ്തികളായി തുടരുന്നു<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-18 |
| 29 | ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ സംവിധാനം<br>Written By: Saritha P (Senior Grade Auditor, On 31-01-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-19 |
| 30 | എസ്.എസ്.കെ പദ്ധതി- മോണിറ്ററിംഗ് നടത്തിയിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 31-01-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-20 |
| 31 | എം.എൻ ലക്ഷം വീട് -പദ്ധതി വിഹിതത്തിലെ നീക്കിയിരിപ്പ് ലൈഫ് പദ്ധതിക്കായി ഉപയോഗിക്കാവുന്നതാണ്<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 07-04-2022) | 1-21 |
| 32 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് - സുഭിക്ഷകേരളം പദ്ധതി പ്രകാരമുള്ള പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 31-01-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 1-22 |

| | | |
|---|---|---|
| 33 | അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് നടത്തിയില്ല<br>Written By: Jijeesh (Senior Grade Auditor, On 31-01-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 1-23 |
| 34 | പാലിയേറ്റീവ് കെയർ- മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Jijeesh (Senior Grade Auditor, On 31-01-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 1-24 |
| 35 | ലൈഫ് മിഷൻ- ഭവനനിർമ്മാണം-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Jijeesh (Senior Grade Auditor, On 31-01-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 1-25 |
| 36 | പാലിന് സബ്സിഡി പദ്ധതി - നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Jijeesh (Senior Grade Auditor, On 31-01-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 1-26 |
| 37 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: Jijeesh (Senior Grade Auditor, On 31-01-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 1-27 |
| 38 | തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ വർക്കുകളുടെ ബില്ലുകളിൽനിന്ന് ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല<br>Written By: K.G.Robert (Audit Officer, On 02-02-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 1-28 |
| 39 | കുടിവെള്ള പദ്ധതികൾ മോണിറ്ററിംഗ് കാര്യക്ഷമമാക്കണം, ഭൂജല വകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കണം<br>Written By: K.G.Robert (Audit Officer, On 02-02-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 1-29 |
| 40 | മരാമത്ത് പ്രവൃർത്തികളുടെ ടെൻഡർ ഫോറങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്ന<br>Written By: K.G.Robert (Audit Officer, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 1-30 |
| 41 | കോവിഡ് പ്രതിരോധ പ്രവർത്തനം<br>Written By: Saritha P (Senior Grade Auditor, On 03-02-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 1-31 |
| 42 | അഗതി രഹിതകേരളം പദ്ധതി<br>Written By: Saritha P (Senior Grade Auditor, On 03-02-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 1-32 |
| | **ഭാഗം 2** | |
| 1 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം<br>Written By: Geetha K (Auditor, On 04-02-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Saritha P (Senior Grade Auditor, On 02-02-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Saritha P (Senior Grade Auditor, On 02-02-2022)<br>Last Updated By: C.S.Santhosh (Audit Officer, On 03-02-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Saritha P (Senior Grade Auditor, On 02-02-2022)<br>Last Updated By: Saritha P (Senior Grade Auditor, On 02-02-2022) | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: Saritha P (Senior Grade Auditor, On 02-02-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Saritha P (Senior Grade Auditor, On 02-02-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Saritha P (Senior Grade Auditor, On 02-02-2022)<br>Last Updated By: C.S.Santhosh (Audit Officer, On 03-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Saritha P (Senior Grade Auditor, On 02-02-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Saritha P (Senior Grade Auditor, On 02-02-2022)<br>Last Updated By: Saritha P (Senior Grade Auditor, On 02-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Saritha P (Senior Grade Auditor, On 02-02-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jijeesh (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 08-04-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വിവിധ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

05.03.2020-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം 1/1 പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 25-2-2021 ലെ ഭരണസമിതി തീരുമാനം നം.1/1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 1,67,92,124 |
| പ്രതീക്ഷിത വരവ് | 57,53,12,000 |
| ആകെ വരവ് | 59,21,04,124 |
| ചെലവ് | 57,49,16,350 |
| നീക്കിയിരിപ്പ് | 1,71,87,774 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 31.05.2021 | ബാധകമല്ല |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1. ബാലൻസ്ഷീറ്റ് ബി-17 പ്രകാരം പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ കാണുന്നില്ല.

| ക്രമ നം. | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450430101 | M.N ലക്ഷം വീട് ഫണ്ട് | 1106684 |
| 2 | 450430102 | സോമകുമാർ എൻഡോവ്മെന്റ് | 4810 |

2. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃ വിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31.03.2021ൽ ബാക്കിയുള്ള തുകയും ഷെഡ്യൂൾ ബി-17 പ്രകാരം ഈ ആവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.2021 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തതിന്റെ വിവരം താഴെ ചേർക്കുന്നു.

| ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 | | |
|---|---|---|---|---|---|
| ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് | തുക |

| | | | | | |
|---|---|---|---|---|---|
| | | | | അക്കൗണ്ട് | |
| 320100104 | BRGF | 2270 | 450610101 | കാനറാബാങ്ക് BRGF | 2321 |

പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃ വിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃവിഹിതം ഇനത്തിൽ 33,000/- രൂപ ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് കാണുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ഗുണഭോക്തൃ വിഹിതം 2020-21 ൽ ചെലവഴിച്ചിട്ടുള്ളതാണ്. 2021-22 വാർഷിക ധനകാര്യ പത്രികയിൽ ഈ തുക അഡ്ജസ്റ്റ്മെന്റ് എൻട്രി വഴി ഒഴിവാക്കേണ്ടതാണ്.

3. നേരിട്ട് ചെലവഴിക്കുന്നതുൾപ്പെടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ തൻവർഷം 16,48,616/- രൂപയുടെ ചെലവുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-6 പ്രകാരം 16,79,252/- രൂപയുടെ ചെലവ് കാണിച്ചിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ പദ്ധതിക്കായുള്ള 30,636/- രൂപയുടെ ചെക്ക് മാർച്ച് മാസത്തിൽ ഇഷ്യൂ ചെയ്തെങ്കിലും തുക ചെലവഴിച്ചിട്ടുള്ളത് അടുത്ത സാമ്പത്തിക വർഷത്തിലായതിനാലാണ് സുലേഖയിൽ ചെലവ് കാണിക്കാതെ വന്നതെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ബ്ലോക്ക് വിഹിതത്തിൽ യഥാർത്ഥ നീക്കിയിരിപ്പ് 5,77,016/- രൂപ ആണെങ്കിലും ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം 12,55,483/- രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലുൾപ്പെടെയുള്ള വ്യത്യാസങ്ങൾ പരിശോധിച്ച് അടുത്ത സാമ്പത്തിക വർഷം ആയത് ക്രമീകരിച്ച് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കേണ്ടതാണ്.

4. തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 4,46,86,091/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 70,38,971/- രൂപയുടെ മൂലധനച്ചെലവും ഉൾപ്പെടുന്നു. ഈ തുക തെറ്റായി റവന്യൂ വരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 70,38,971/- രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ് ഷീറ്റിൽ 70,38,971/- രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

5. 31.03.2019 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-3 പ്രകാരമുള്ള "Capital Contribution" ഇനത്തിലെ അതേ തുകയാണ് 31-03-2020 ലെയും 31-03-2021 ലെയും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-3 ൽ കാപിറ്റൽ കോൺട്രിബ്യൂഷൻ ആയി ചേർത്തിട്ടുള്ളത്. വികസന ഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

തുടർ സാമ്പത്തിക വർഷത്തിൽ ആയത് ക്രമീകരിക്കേണ്ടതാണ്.

6. വായ്പയുടെ വിനിയോഗം, വായ്പ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. പാലക്കുഴി ജലവൈദ്യുത പദ്ധതിക്കായി ജില്ലാപഞ്ചായത്തിന് നൽകിയ തുകയ്ക്കുള്ള ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഷെയർ വാല്യൂ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയുടെ ഇൻവെസ്റ്റ്മെന്റ് ഹെഡിൽ കൊണ്ടു വന്നിട്ടില്ല.

8. ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്ന കുടിവെള്ള പദ്ധതികളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ടെങ്കിലും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം കുടിശ്ശിക കണക്കാക്കി ഉൾപ്പെടുത്തിയിട്ടില്ല. വാട്ടർ ചാർജ്ജ് ഇനത്തിലുള്ള വരവിന് ഡി.സി.ബി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2020-21 വർഷം നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ സ്ലാബ് തിരിച്ച് കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(4) എച്ച് എന്നിവ പ്രകാരം കിട്ടാനുള്ള തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9. അഡ്വാൻസ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ഇനങ്ങളുടെ വരവ് തുകകൾ വ്യത്യസപ്പെട്ടിരിക്കുന്നു.

| അക്കൗണ്ട് കോഡ് | ഹെഡ് ഓഫ് അക്കൗണ്ട് | അക്കൗണ്ട് പ്രകാരം നൽകിയത് | രജിസ്റ്റർ പ്രകാരം തിരികെ കിട്ടിയത് |
|---|---|---|---|
| 460100199 | Other Advances | 1150728 | 1176959 |

വ്യത്യാസം അടുത്ത സാമ്പത്തിക വർഷം ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ "460500....- Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 5/18.01.2022 പ്രകാരം ഈ വിവരം സെക്രട്ടറിയെ അറിയിക്കുകയും യഥാസമയം മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 16576664 |
| വരവ് | 79517340 |
| ആകെ | 96094004 |
| ചെലവ് | 84690773 |
| നീക്കിയിരിപ്പ് | 11403231 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 11413318 | 11413318 | 9871320 | 1541998 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 9255491 | 9255491 | 8213532 | 1041959 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | | 0 | 15436000 | 15436000 | 15381738 | 54262 |
| മെയിന്റനൻസ് ഗ്രാന്റ് -നോൺ-റോഡ് | | 0 | 4506948 | 4506948 | 4301117 | 205831 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | | 0 | 6300000 | 6300000 | 4083728 | 2216272 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Basic Grant) | | 0 | 7596328 | 7596328 | 7336345 | 259983 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ബി.ആർ. ജി.എഫ് | 2252 | 18 | 2270 | 0 | 2270 |
| | ഐ.സി. ഡി.എസ് | 1346590 | 1670275 | 3016865 | 2209115 | 807750 |

| | | | | | | |
|---|---|---|---|---|---|---|
| | ടോട്ടൽ സാനിറ്റേഷൻ കാമ്പൈൻ | 0 | 160000 | 160000 | 0 | 160000 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 36666635 | 36666635 | 36666635 | 0 |
| | മെറ്റീരിയൽ കോസ്റ്റ് | 0 | 7038971 | 7038971 | 7038971 | 0 |
| | 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുന്നവർക്കുള്ള ഇൻസന്റീവ് | | 50000 | 50000 | 50000 | 0 |
| | ഭരണച്ചെലവ് | 2082 | 931876 | 933958 | 930485 | 3473 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 0 | 75422 | 75422 | 75422 | 0 |
| | ശുചിത്വമിഷൻ ഗ്രാന്റ് | 1572551 | 2459716 | 4032267 | 307000 | 3725267 |
| | ലൈഫ് സംസ്ഥാന വിഹിതം | 0 | 1100000 | 1100000 | 700000 | 400000 |
| | മറ്റ് സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ | 30345 | 0 | 30345 | 0 | 30345 |

പദ്ധതി വിഹിതത്തിൽ മാത്രം 5320305 രൂപ ഉപയോഗിക്കാൻ കഴിയാത്തതിനാൽ നഷ്ടപ്പെട്ടിട്ടുണ്ട്. ശുചിത്വമിഷൻ ഗ്രാന്റ് ഇനത്തിൽ3725267 രൂപ നീക്കിയിരുപ്പ് ഉള്ളതും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കുറിപ്പുകൾ

1. ലൈഫ് ഭവന പദ്ധതിക്കായുള്ള KURDFC ലോൺ തിരിച്ചടവ് തുക 1813882 രൂപ, അങ്കണവാടി വർക്കർമാർക്കുള്ള പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക 1138800 രൂപ എന്നിവ ഉൾപ്പെടെ ആകെ 2952682 രൂപയും വികസന ഫണ്ട് ജനറലിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. വികസനഫണ്ട് എസ്.സി.പി വിഭാഗത്തിൽ നിന്നും KURDFC ലോൺ തിരിച്ചടവ് തുകയായ 58509 രൂപയും സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 44686091 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമ്മിക്കുന്നതിനുള്ള 7038971 രൂപയുടെ മൂലധനച്ചെലവും ഉൾപ്പടുന്നു. ഈ തുക തെറ്റായി റവന്യൂ വരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 7038971 രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 7038971 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 289 | 118283125 | 248 | 60893237 | - | 41 | 85 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 248 എണ്ണത്തിന് മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 51% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ (സുലേഖ-ഐ.കെ.എം പത്രിക പ്രകാരം ലഭ്യമായത്) താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 6043000 | 5143000 | 85 |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 2168000 | 1043000 | 48 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 4 | 1075588 | 691686 | 64 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| വി.ഇ.ഒ-1 | 5 | 4 | 27129245 | 2450800 | 9 |
| വി.ഇ.ഒ-2 | 5 | 3 | 14600909 | 1885880 | 13 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 6225000 | 5231399 | 84 |
| സെക്രട്ടറി | 30 | 24 | 11069553 | 6974257 | 63 |
| അസി.സെക്രട്ടറി | 7 | 5 | 3775000 | 2398910 | 63.5 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 220 | 193 | 43649830 | 33694305 | 77 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 680000 | 680000 | 100 |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 0 | 1167000 | 0 | 0 |
| ആകെ | 289 | 248 | 118283125 | 60893237 | 51 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 36666635 | 36666635 | 36666635 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 7038971 | 7038971 | 7038971 | 0 |
| 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുന്നവർക്കുള്ള ഇൻസന്റീവ് | 0 | 50000 | 50000 | 50000 | 0 |
| ഭരണച്ചെലവ് | 2082 | 931876 | 933958 | 930485 | 3473 |

| ആകെ | 2082 | 44687482 | 44689564 | 44686091 | 3473 |
|---|---|---|---|---|---|

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 11575900 | 765 |
| വിധവാ പെൻഷൻ | 18225400 | 1292 |
| വാർദ്ധക്യകാല പെൻഷൻ | 26799100 | 2215 |
| വികലാംഗ പെൻഷൻ | 4834000 | 335 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |
| അവിവാഹിത പെൻഷൻ | 1197400 | 82 |

ഗ്രാമപഞ്ചായത്തിലെ ക്ഷേമപെൻഷൻ വിതരണത്തിൽ കണ്ടെത്തിയിട്ടുള്ള അപാകങ്ങൾ ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-15 ൽ ചേർത്തിട്ടുണ്ട്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.01.2022 ന് 2.55 Pm ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,642/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. തൊഴിൽ നികുതി, കെട്ടിടനികുതി, ലൈസൻസ്, എന്നീ വരവിനങ്ങളിലെ അപാകതകൾ, രേഖകളുടെ സൂക്ഷിപ്പ് എന്നിവയും പെൻഷൻ വിതരണത്തിലുമുള്ള അപാകതകൾ എന്നിവയും പ്രത്യേക ഖണ്ഡികകളായി പരാമർശിച്ചിട്ടുണ്ട്. ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്തുവാനും രേഖകളുടെ സൂക്ഷിപ്പ് ചട്ടങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പാക്കുവാൻ മേലുദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റ് വിഭാഗം ഗ്രാമപഞ്ചായത്തിന്റെ 11/2021 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് നൽകിയിട്ടുണ്ട്. എല്ലാ വരവ് ചെലവ് ഇനങ്ങളും പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഗുരുതരമായ അപാകതകൾ ഒന്നും തന്നെ കണ്ടെത്തിയിട്ടില്ല.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2017-18 വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ ഖണ്ഡികകൾക്കും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഖണ്ഡികകളിലെ പരാമർശങ്ങളിൽ തുടർ പരിശോധന നടത്തിയതിന്റെ വിവരം തുടർ ഖണ്ഡികകളായി ചേർത്തിട്ടുണ്ട്.

## 1-11 തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഓരോ അർദ്ധ വർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-11-1 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപനം സ്ഥിതിചെയ്യുന്ന കെട്ടിട നമ്പർ | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | നാളികേര സംഭരണ കേന്ദ്രം | 8/62 A | 2 |
| 2 | ശ്രീകൃഷ്ണ മോഡേൺ റൈസ് മിൽ | 11/453-457 | 19 |
| 3 | എ.ബി.എസ്, ചിറ്റലഞ്ചേരി | 3/239 | 7 |
| 4 | സെക്രട്ടറി, ഹരിത കുടുംബശ്രീ യൂണിറ്റ്, വലതല | 12/576 | 8* |

(*ഹരിത കുടുംബശ്രീ യൂണിറ്റ്, വലതല എന്ന സ്ഥാപനത്തിലെ 2 പേർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്.)

ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 8/21-01-22 ന് ലഭ്യമാക്കിയ മറുപടിയിൽ 2020-21 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-11-2 ക്ഷീരോൽപാദക സഹകരണ സംഘങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചിറ്റലഞ്ചേരി, കടമ്പിടി, ചേരാമംഗലം, മേലാർകോട്, വലതല എന്നീ ക്ഷീരോൽപാദക സഹകരണ സംഘങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കാത്തിനുള്ള മറുപടി ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് റിക്വസിഷൻ 8/21-01-2022 ന് ക്ഷീരോത്പാദക സഹകരണ സംഘത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുന്നതാണെന്നും വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഈ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12 വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷിനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയിട്ടില്ല

1996 കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ ഉപയോഗിക്കുന്നതിനോ യഥാക്രമം പട്ടിക-III പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പട്ടിക പ്രകാരമുള്ള ഫീസ് പ്രത്യേകമായി ഈടാക്കിയിട്ടില്ലെന്ന് അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തി.

| ക്രമ നം. | ലൈസൻസ് എടുത്ത വ്യക്തിയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീ | ഉപയോഗിക്കുന്ന കുതിരശക്തി | ചുമത്താവുന്ന അധിക ഫീസ് |
|---|---|---|---|---|---|
| 1 | ഹരികൃഷ്ണൻ | ശ്രീകൃഷ്ണ റൈസ് മിൽ | 100 | 10 | 100 |
| 2 | മജീദ് | ദിൽഷി റൈസ് മിൽ | 100 | 10 | 100 |
| 3. | ഷംസുദ്ദീൻ | ഷാഹിദ റൈസ് മിൽ | 100 | 10 | 100 |
| 4 | പി. എ. ദേവസ്യ | പതിയാൻറൈസ് മിൽ | 100 | 10 | 100 |
| 5 | വി.പത്മനാഭൻ | പത്മ റൈസ് മിൽ | 100 | 10 | 100 |
| 6 | രാധാകൃഷ്ണൻ | ജാനകി റൈസ് മിൽ | 100 | 10 | 100 |
| 7 | അശോകൻ | അശോക റൈസ് മിൽ | 100 | 10 | 100 |
| 8 | വസന്ത | കൈരളി റൈസ് മിൽ | 100 | 10 | 100 |
| 9 | മണികണ്ഠൻ | മണികണ്ഠ റൈസ് മിൽ | 100 | 10 | 100 |
| 10 | ഉണ്ണികൃഷ്ണൻ | ദിവ്യ റൈസ് മിൽ | 100 | 10 | 100 |
| 11 | ഭാസ്കരൻ | ശോഭന റൈസ് മിൽ | 100 | 10 | 100 |
| 12 | വെള്ള | ശ്രീകൃഷ്ണ റൈസ് മിൽ | 100 | 10 | 100 |
| 13 | സൗഭാഗ്യവതി | സൗഭാഗ്യ ഓയിൽ മിൽ | 100 | 10 | 100 |
| 14 | രാജൻ | കമലം റൈസ് മിൽ | 100 | 10 | 100 |
| 15 | സി.വി.രാധാകൃഷ്ണൻ | രഞ്ജിത്ത് സോ മിൽ | 1000 | 36 | 400 |
| 16 | ബ്രാഞ്ച് മാനേജർ, ASCB,ചേരാമംഗലം ബ്രാഞ്ച് | നാളികേര സംഭരണ കേന്ദ്രം | 1000 | 15 | 200 |
| 17 | കുമാരദാസൻ | സോഡ സോഫ്റ്റ് ഡ്രിങ്ക്സ് | 300 | 10 | 100 |
| 18 | കുട്ടൻ | ശ്രീകൃഷ്ണമോഡേൺ റൈസ് മിൽ | 5000 | 250 | 2050 |
| 19 | ഷിജു എം മാത്യു | എ.ബി.എസ് ടിമ്പർ | 200 | 42.5 | 500 |

ലൈസൻസ് ഫീസിനത്തിൽ തുക കുറവായി ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് റിക്വസിഷൻ 8/22-1-22 ന് വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന മെഷിനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനും ഫീസ് ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും തുക അടവാക്കുന്നതിനായി നോട്ടീസ് തയ്യാറാക്കി സ്ഥാപന ഉടമകൾക്ക് അയയ്ക്കുന്നതാണെന്നും തുക അടവാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലൈസൻസ് ഫീസിനത്തിൽ ലഭ്യമാകേണ്ട തുക സ്ഥാപന ഉടമയിൽ നിന്നും ഈടാക്കേണ്ടതും തുക അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-13 വസ്തു നികുതി - രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, 2013 ൽ ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പഴയ നികുതിദായകർക്ക് 1-4-2013 മുതൽക്കാണ് പുതുക്കിയ നിരക്ക് ബാധകമാക്കിയത്. ചട്ടങ്ങൾ പ്രകാരം സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പുതിയ ഉപയോഗക്രമങ്ങൾക്കുള്ള നികുതി നിർണ്ണയ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് അതത് സ്ഥാപനങ്ങൾ നിശ്ചയിച്ച് പഞ്ചായത്ത് തീരുമാനം എടുത്ത് സഞ്ചയയിൽ ചേർക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കെട്ടിടങ്ങളുടെ നികുതി തെറ്റായി നിർണ്ണയിക്കുന്നതിനിടയാക്കുന്നതാണ്. പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1-13-1 റസിഡൻഷ്യൽ ഹോം സ്റ്റേകൾക്ക് വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരമുള്ള റസിഡൻഷ്യൽ ഹോം സ്റ്റേകൾക്കുള്ള നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. കുറഞ്ഞത് 10 രൂപയും കൂടിയ നിരക്ക് 25 രൂപയായും സർക്കാർ നിശ്ചയിച്ചു നൽകിയിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിക്കുന്നതിൽ വീഴ്ച വരുത്താതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-13-2 എം.എസ്.എം.ഇ കളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ)നം.36/2015/തസ്വഭവ തിയതി 24-02-2015) പ്രകാരം എം.എസ്.എം.ഇ വിഭാഗത്തിലെ കെട്ടിടങ്ങൾക്കുള്ള കൂടിയതും കുറഞ്ഞതുമായ വസ്തു നികുതി വിജ്ഞാപനം ചെയ്തിട്ടുണ്ട്.ഈ വിജ്ഞാപനപ്രകാരമുള്ള നിരക്കു 20/- രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ MSME Development Act, 2006 പ്രകാരം MSME മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്. സഞ്ചയ സോഫ്റ്റവെയർ പ്രകാരം 10 എം.എസ്.എം.ഇ സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വ്യവസായ സ്ഥാപനങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിനായി ഉദ്യോഗ് ആധാർ മെമ്മോറാണ്ടമോ, ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ, ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നുള്ള രേഖകൾ പരിശോധിച്ച് അവ യഥാർത്ഥ എം.എസ്.എം.ഇ കൾ തന്നെയാണെന്ന് ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. എം.എസ്.എം.ഇ കൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ മറ്റു വ്യവസായ സ്ഥാപനങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ ബാധകമായ നിരക്കിൽ വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

1-13-3 ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷവും വസ്തു നികുതി ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്നു

വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമൂലം നികുതി നഷ്ടം ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നതിനിടയാക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉപയോഗ ക്രമം | വിസ്തീർണ്ണം (ച.മീ) | പരിമിത പ്പെടുത്തിയ വസ്തുനികുതി |
|---|---|---|---|---|
| 1 | 2/487 | ഗോഡൗൺ | 180 | 139 |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും അപാകതകൾ തുടരുന്നതിന് കാരണം

ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് റിക്വസിഷൻ 6/18-01-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഡാറ്റാ പ്യൂരിഫിക്കേഷൻ ഓപ്പണാകുന്ന സമയത്ത് ആയത് തിരുത്തൽ വരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13-4 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് 40 രൂപയും 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 60 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്താത്ത, 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള 3/316, 3/769 എന്നീ കെട്ടിടങ്ങളെ 100 ച.മീറ്റർ വരെയുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടമുണ്ടാവുന്നു.

വിശദാംശങ്ങൾ ഖണ്ഡിക 2-1 ആയി ചേർത്തിട്ടുണ്ട്.

## 1-13-5 അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി - നിയമാനുസൃതമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

എ).സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 3 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളാണ് ഉള്ളത്. നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 11 കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനായി യു.എ നമ്പർ നല്കിയതിൽ (വീടിന്റെ തരം - 1 ഷീറ്റ് വീടുകൾ, 2 ഓട് വീടുകൾ, 8 കോൺക്രീറ്റ് വീടുകൾ) അനധികൃത കെട്ടിടങ്ങളുണ്ട്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നമ്പർ നൽകേണ്ടത് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിലായിരിക്കാൻ പാടുള്ളതല്ല. പ്രസ്തുത കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമെന്ന് സൂചിപ്പിക്കുന്ന "യു.എ" എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ ഈ കെട്ടിടങ്ങൾക്ക് കെട്ടിട നമ്പരിനോടൊപ്പം "യു.എ" എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം രേഖപ്പെടുത്തിയിട്ടില്ല. വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന്റെ തരം |
|---|---|---|---|---|
| 1 | 2/1 | ജയകുമാരൻ | 72 | കോൺക്രീറ്റ് |
| 2 | 5/1 | ഗീത | 37 | കോൺക്രീറ്റ് |
| 3 | 5/2 A | അഹമ്മദ് കബീർ | 110 | കോൺക്രീറ്റ് |
| 4 | 9/1 | ശശി കുമാർ | 94 | കോൺക്രീറ്റ് |
| 5 | 9/2 | അബ്ദുൾ റസാക്ക് | 89 | കോൺക്രീറ്റ് |
| 6 | 12/3 | മുരളീദാസൻ | 71 | കോൺക്രീറ്റ് |
| 7 | 14/1 | പഴണിമല. എം | 38 | കോൺക്രീറ്റ് |
| 8 | 16/1 | അബ്ദുൾ സത്താർ | 115 | കോൺക്രീറ്റ് |
| 9 | 4/1 | നസീമ | 50 | ഓട് |
| 10 | 6/5 | സരസ്വതി | 26 | ഓട് |
| 11 | 4/2 | ഫൗസിയ | 33 | ഷീറ്റ് |

നിയമാനുസൃതമല്ലാത്ത 11 കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. കെട്ടിടങ്ങൾ എല്ലാം സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട

നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ച മാറ്റുകയോ ക്രമവത്ക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്.

അനധികൃത കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്താത്തതും വസ്തു നികുതി ഈടാക്കാത്തതിനുള്ള കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 6/18-01-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി.) 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ ഓരോ 3 മാസം കൂടുമ്പോളും ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ള അനധികൃത നിർമ്മാണങ്ങളുയും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികൾ ഉൾപ്പടെയുള്ള വിവരങ്ങൾ സർക്കാറിനെ അറിയിക്കേണ്ടതാണ്.

അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാറിലേക്ക് അറിയിക്കാതിരുന്നതിന്റെ കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം 6/18-01-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദേശം

1. നിയമാനുസൃതമല്ലാതെ നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്തിട്ടുള്ള കെട്ടിടങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ വകുപ്പ് പ്രകാരം യു.എ നമ്പർ അനുവദിച്ച് വസ്തുനികുതി ഈടാക്കേണ്ടതാണ്.
2. അനധികൃതകെട്ടിടങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13-6 വസ്തുനികുതി കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ 2020-21 സാമ്പത്തിക വർഷാവസാനത്തിൽ റെസിഡൻഷ്യൽ കെട്ടിടങ്ങളിൽ നിന്നും തൻവർഷം 10,59,697/- രൂപ പിരിച്ചെടുക്കാനുണ്ട്. നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതിയിനത്തിൽ തൻ വർഷം 12,47,578/- രൂപയും കുടിശ്ശികയായി 98,379/- രൂപയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കാണുന്നു. റെസിഡൻഷ്യൽ കെട്ടിടങ്ങളിൽ നിന്നും 30 ശതമാനവും നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളിൽ നിന്നും 43 ശതമാനവും വസ്തു നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.
വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 6/18-01-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13-7 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 13 മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സഞ്ചയ ഡാറ്റ പ്രകാരം ഗ്രാമപഞ്ചായത്തിൽ 2020-21 വരെ 2 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 47,011/- രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം, ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ) | ചുമത്തിയ നികുതി (LC ഉൾപ്പടെ) (രൂപ) | കുടിശ്ശിക തുക (രൂപ) | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 3/142 എയർസെൽ ഡിഷ്നെറ്റ് | 12 | 6930 | 27786 | 2017 രണ്ടാം അർദ്ധ വർഷം |

| | | | | | |
|---|---|---|---|---|---|
| 2 | 16/148 വയർലസ് ഇൻഫോ സർവീസസ് | 12 | 7560 | 19225 | 2019 ആദ്യ അർദ്ധ വർഷം |

കുടിശ്ശിക ഈടാക്കാത്തതിന്റെ കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 6/18-01-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 കടമുറികൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്

വാടക രജിസ്റ്റർ, കടമുറികളുടെ ഫയൽ എന്നിവ പ്രകാരം 3/207, 3/208, 3/209, 9/313 എന്നീ 4 കടമുറികൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. കടമുറികൾ ഒഴിച്ചിട്ടതുമൂലം വാടകയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടമാകാൻ കാരണമാകുന്നു. കടമുറി പുനർലേലം ചെയ്യാതിരുന്നതിന്റ കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 15/25-01-22 ന് മറുപടി ലഭ്യമാക്കിയതിൽ ഈ കടമുറികൾ 14-12-21 ന് ലേലം നടന്നതിൽ ആരും ലേലം കൊള്ളാതിരുന്നതിനാൽ 04-1-22 ന് പുനർലേലം നടത്തുകയും ആയതിലും ആരും ലേലം കൊണ്ടില്ലെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പുനർ ലേലം കൊള്ളാത്ത കടമുറികൾ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം വാടക നിശ്ചയിച്ച് കൈമാറാവുന്നതാണ്.

## 1-15 ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം -അനർഹരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്

സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിയ്ക്കുന്നത്. അർഹതപ്പെട്ടവർക്കു മാത്രം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുക എന്നത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. ആയതിനാൽതന്നെ അനർഹരെ യഥാസമയം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യവുമാണ്.

ഗ്രാമപഞ്ചായത്തിലെ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം സ.ഉ(എം.എസ്) നം.97/2020/ധന തീയതി 23.09.2020 ഉത്തരവിനെ മുൻനിർത്തി സേവന ഡാറ്റാബേസിൽ നിന്നും ലഭ്യമായ വിവരങ്ങൾ, പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട അപേക്ഷകൾ, അതത് പെൻഷൻ രജിസ്റ്ററുകൾ, മരണ രജിസ്റ്ററുകൾ, മരണ റിപ്പോർട്ട് ഫയലുകൾ, മറ്റ് രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓഡിറ്റിൽ പരിശോധിച്ചു.

### പരിശോധനയുടെ വിശദാംശങ്ങൾ

സ.ഉ(എം.എസ്) നം. 97/2020/ധന തീയതി തീ 23.09.2020 പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി /ആശാവർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഈ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

2019-20, 2020-21 കാലയളവിലെ ഗ്രാമപഞ്ചായത്തിലെ മരണരജിസ്റ്ററുകളിൽ നിന്നും മരണപ്പെട്ട 40 പേരുടെ ആധാർ വിവരങ്ങൾ ഉപയോഗിച്ച് "സേവന പെൻഷൻ DBT മൊഡ്യൂൾ" ൽ ഓഡിറ്റർ ലോഗിനിൽ പ്രവേശിച്ച് പരിശോധിച്ചു. പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

I.ഗ്രാമപഞ്ചായത്തിലെ മരണറിപ്പോർട്ട് പ്രകാരം 10.02.2020 ന് മരണപ്പെട്ട മാധവി. സി എന്നവർക്ക്

നവംബർ 2020 മുതൽ ഡിസംബർ 2020 വരെയുള്ള പെൻഷൻ വിതരണം ചെയ്തു .
പെൻഷണറുടെ പേര് : മാധവി. സി.,
ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവ്
പെൻഷണർ ഐ.ഡി-108750200606, ആധാർ നം-802191831905,
മരണസർട്ടിഫിക്കറ്റ് പ്രകാരം മരണ തീയതി - 10.02.2020
പെൻഷൻ റദ്ദ് ചെയ്ത മാസം –നിലവിൽ Active
ഡിബിറ്റി വിവരങ്ങളുടെ ചുരുക്കം താഴെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| October, November-2019 | ഡയറക്റ്റ് ഹോം | 2400 | തുക കൈപറ്റി | Success |
| Dec-2019,Jan, Feb,March,April-2020 | ഡയറക്റ്റ് ഹോം | 6100 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| May,June-2020 | ഡയറക്റ്റ് ഹോം | 2600 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| July,August-2020 | ഡയറക്റ്റ് ഹോം | 2600 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| September-2020 | ഡയറക്റ്റ് ഹോം | 1400 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| October-2020 | ഡയറക്റ്റ് ഹോം | 1400 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| November-2020 | ഡയറക്റ്റ് ഹോം | 1400 | തുക കൈപറ്റി | Success |
| Decenber-2020 | ഡയറക്റ്റ് ഹോം | 1400 | തുക കൈപറ്റി | Success |
| January-2021 | ഡയറക്റ്റ് ഹോം | 1500 | തുക കൈപറ്റി | Success |
| February-2021 | ഡയറക്റ്റ് ഹോം | 1500 | തുക കൈപറ്റി | Success |
| March-2021 | ഡയറക്റ്റ് ഹോം | 1500 | തുക കൈപറ്റി | Success |
| April-2021 | ഡയറക്റ്റ് ഹോം | 1600 | തുക കൈപറ്റി | Success |
| May-2021 | ഡയറക്റ്റ് ഹോം | 1600 | തുക കൈപറ്റി | Success |
| June-2021 | ഡയറക്റ്റ് ഹോം | 1600 | തുക കൈപറ്റി | Success |
| July-2021 | ഡയറക്റ്റ് ഹോം | 1600 | തുക കൈപറ്റി | Success |
| August-2021 | ഡയറക്റ്റ് | 1600 | തുക കൈപറ്റി | Success |

| | | | | |
|---|---|---|---|---|
| | ഹോം | | | |
| September-2021 | ഡയറക്റ്റ് ഹോം | 1600 | തുക കൈപറ്റി | Success |
| October-2021 | ഡയറക്റ്റ് ഹോം | 1600 | തുക കൈപറ്റി | Success |
| November-2021 | ഡയറക്റ്റ് ഹോം | 1600 | തുക കൈപറ്റി | Success |
| December-2021 | ഡയറക്റ്റ് ഹോം | 1600 | തുക കൈപറ്റി | Success |

ആകെ 21,700/- രൂപ ഇപ്രകാരം അനർഹർക്ക് വിതരണം ചെയ്തിട്ടുണ്ട്.

II. മരണറിപ്പോർട്ട് പ്രകാരം 26.03.2020 ന് മരണപ്പെട്ട തങ്ക എന്ന ഗുണഭോക്താവിന് 2020 മെയ്, ജൂൺ, ഒക്ടോബർ മാസങ്ങളിൽ പെൻഷൻ വിതരണം ചെയ്തു,.

പെൻഷണറുടെ പേര് -തങ്ക,

ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവ്

ആധാർ നം-398512473311, പെൻഷണർ ഐ.ഡി- 108750200719

മരണസർട്ടിഫിക്കറ്റ് പ്രകാരം മരണ തീയതി - 26.03.2020

പെൻഷൻ റദ്ദ് ചെയ്ത മാസം -മെയ് 2021

ഡിബിറ്റി വിവരങ്ങളുടെ ചുരുക്കം താഴെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| August,September-2019 | ഡയറക്റ്റ് ഹോം | 2400 | തുക കൈപറ്റി | Success |
| October,November-2019 | ഡയറക്റ്റ് ഹോം | 2400 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| Dec-2019,Jan,feb,March, April-2020 | ഡയറക്റ്റ് ഹോം | 6100 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| May,June-2020 | ഡയറക്റ്റ് ഹോം | 2600 | തുക കൈപറ്റി | Success |
| July,August-2020 | ഡയറക്റ്റ് ഹോം | 2600 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| September-2020 | ഡയറക്റ്റ് ഹോം | 1400 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| October-2020 | ഡയറക്റ്റ് ഹോം | 1400 | തുക കൈപറ്റി | Success |
| November-2020 | ഡയറക്റ്റ് ഹോം | 1400 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| Decenber-2020 | ഡയറക്റ്റ് ഹോം | 1400 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| January-2021 | ഡയറക്റ്റ് ഹോം | 1500 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| February-2021 | ഡയറക്റ്റ് ഹോം | 1500 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| March-2021 | ഡയറക്റ്റ് ഹോം | 1500 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| April-2021 | ഡയറക്റ്റ് ഹോം | 1600 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| May-2021 | ഡയറക്റ്റ് ഹോം | 1600 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |

2020 മെയ്, ജൂൺ, ഒക്ടോബർ മാസങ്ങളിൽ ഈ ഗുണഭോക്താവിന്റെ പേരിലുള്ള പെൻഷൻ തുക 4,000/-

രൂപ അനർഹർ കൈപ്പറ്റി എന്നു കാണുന്നു.

III. പെൻഷണറുടെ പേര്- കെ.നാണപ്പൻ, ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവ്. ഒരു മാസത്തെ പെൻഷൻ തുക അനർഹമായി വിതരണം ചെയ്തു.

ആധാർ നം-918167203048, പെൻഷണർ ഐ.ഡി- 108750200953

മരണസർട്ടിഫിക്കറ്റ് പ്രകാരം മരണ തീയതി - 11.06.2019

പെൻഷൻ റദ്ദ് ചെയ്ത മാസം -നിലവിൽ Active

2019 ജൂൺ മാസം മരണപ്പെട്ട ഇയാളുടെ ജൂലൈ 2019 പെൻഷൻ തുക 1,200/- രൂപ അനർഹർക്ക് വിതരണം ചെയ്തിട്ടുണ്ട്.

IV.പെൻഷണറുടെ പേര് -രാമകൃഷ്ണൻ, ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവ്. ഒരു മാസത്തെ പെൻഷൻ തുക അനർഹമായി വിതരണം ചെയ്തു.

ആധാർ നം-345347982440 പെൻഷണർ ഐ.ഡി-108750201433

മരണസർട്ടിഫിക്കറ്റ് പ്രകാരം മരണ തീയതി - 09.06.2019

പെൻഷൻ റദ്ദ് ചെയ്ത മാസം -നിലവിൽ Active

2019 ജൂൺ മാസം മരണപ്പെട്ട ഇയാളുടെ ജൂലൈ 2019 പെൻഷൻ തുക 1,200/- രൂപ അനർഹർക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന സംഗതികളിൽ പോലും മേൽപ്രകാരമുള്ള ക്രമക്കേടുകൾ / അപാകങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ഓഡിറ്റ് അന്വേഷണം നം 7/20.01.2022 പ്രകാരം ഗ്രാമപഞ്ചായത്തിന് ബോധിപ്പിക്കാനുള്ള വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിനെത്തുടർന്ന് സെക്രട്ടറി വിശദമായ അന്വേഷണം നടത്തി രേഖകൾ സഹിതം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

V.മരണപ്പെട്ട് 2 വർഷങ്ങൾക്കു ശേഷവും പെൻഷൻ റദ്ദ് ചെയ്യപ്പെടാതെ നില നിൽക്കുന്നു

സേവന പെൻഷൻ DBT മൊഡ്യൂൾ പ്രകാരം ലഭ്യമായ Active ലിസ്റ്റിലെ പെൻഷൻ ഗുണഭോക്താക്കളിൽ മരണപ്പെട്ട ഗുണഭോക്താക്കളും ഉൾപ്പെടുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | മരണരജിസ്റ്റർ പ്രകാരം ഗുണഭോക്താവ് മരിച്ച തീയതി | നിലവിലെ പെൻഷൻ സ്റ്റാറ്റസ് |
|---|---|---|---|
| വേലായുധൻ.എ | 108750200310 | 16.10.2019 | Active |
| പഴനിമല.എൻ | 108750202096 | 02.06.2019 | Active |
| വേശു.കെ | 108750201266 | 03.09.2019 | Active |
| സരസ്വതി. സി | 108750600346 | 07.09.2019 | Active |
| പാറു.പി | 108750100403 | 03.10.2019 | Active |
| സൈനബ | 108750100724 | 22.02.2020 | Active |
| മുഹമ്മദ് ഇബ്രാഹിം | 108750201259 | 23.02.2020 | Active |
| ചിന്നമ്മ | 108750100156 | 16.12.2019 | Active |

മരണപ്പെട്ടതിനു ശേഷവും പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തത് പ്രത്യേക സാമ്പത്തിക നഷ്ടത്തിന് ഇടയാക്കുന്നില്ലെങ്കിലും ഇത് ക്രമക്കേടുകൾക്കു വഴിയൊരുക്കുന്നതിനോടൊപ്പം മറ്റ് വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ട സർക്കാർ ഫണ്ട് അർഹത ഇല്ലാത്ത/ മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ ഇനത്തിൽ മാറ്റി വയ്ക്കേണ്ട സ്ഥിതി വിശേഷവും ഉണ്ടാക്കുന്നു.

ഓഡിറ്റ് അന്വേഷണത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി, ഓഡിറ്റിന്റെ തുടർ നിർദ്ദേശങ്ങൾ

ഓഡിറ്റ് അന്വേഷണത്തിന്മേൽ സെക്രട്ടറി വിശദമായ അന്വേഷണം നടത്തുകയും മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം ചെയ്തതായി കണ്ടെത്തിയ ഗുണഭോക്താക്കളുടെ ബന്ധുക്കളിൽ നിന്നും

വിവരം ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുകകൾ സർക്കാരിലേക്ക് തിരികെ അടവാക്കുന്നതിന് പ്രാദേശിക സഹകരണ സംഘങ്ങളുടെ സെക്രട്ടറിമാർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

1. ഓഡിറ്റ് അന്വേഷണത്തിൻമേൽ സെക്രട്ടറി നടത്തിയ പരിശോധനയിൽ മാധവി.സി എന്നവരുടെ പെൻഷൻ തുക, നവംബർ 2020 മുതൽ ഡിസംബർ 2021 വരെയുള്ള മാസങ്ങളിലെ ആകെ 21,700/- രൂപ, വാർഡ് 8 ൽ തന്നെയുള്ള മറ്റൊരു ഒ.എ.പി പെൻഷണർ (ഐ.ഡി നം -108750201802, ആധാർ നം 239174389114) മാധവി.പി എന്ന ഗുണഭോക്താവിന് ആധാർ നമ്പർ സെലക്ട് ചെയ്തതിലെ വ്യത്യാസം മൂലം ആളുമാറി വിതരണം നടത്തിയിട്ടുള്ളതായി കണ്ടെത്തി. മാധവി.സി എന്നവരുടെ പെൻഷൻ തുക മാധവി.പി എന്ന ഗുണഭോക്താവിന് നൽകുകയും എന്നാൽ മാധവി.പി ക്ക് യഥാർത്ഥത്തിൽ നൽകേണ്ട തുക വിതരണം നടത്താതെ തിരികെ ഒടുക്കിയതായും ആയതിനാൽ ക്ഷേമപെൻഷൻ തുകയിൽ സർക്കാരിന് നഷ്ടം ഉണ്ടായിട്ടില്ലെന്നും മറുപടിയിൽ പറയുന്നു. 10.02.2020 ന് മരണപ്പെട്ട മാധവി.സിയുടെ പെൻഷൻ ഉടൻ റദ്ദ് ചെയ്ത് വിതരണം ക്രമപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു.

എന്നാൽ മാധവി.പി യുടെ ഡിബിറ്റി വിവരങ്ങൾ പരിശോധിക്കുമ്പോൾ ഈ വ്യക്തി അവരുടെ പെൻഷൻ കൈപ്പറ്റാതിരുന്നത് 2020 ഡിസംബർ മാസം മുതൽ മാത്രമാണ്. നവംബർ 2020 ലെ പെൻഷൻ തുക 1400 രൂപ രണ്ടു ഗുണഭോക്താക്കളും കൈപ്പറ്റിയിട്ടുണ്ട് എന്നു കാണുന്നു. ആയതിനാൽ നവംബർ 2020 ലെ പെൻഷൻ തുക 1400 രൂപ ഉത്തരവാദിയായ ഉദ്യേഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. മാധവി.പി എന്ന ഗുണഭോക്താവിന്റെ പെൻഷൻ ഡാറ്റാ ബേസ് പ്രകാരം ഇവർ ഡിസംബർ 2020 മുതൽ ഡിസംബർ 2021 വരെ പെൻഷൻ കൈപ്പറ്റിയിട്ടില്ല. മരണപ്പെട്ട മാധവി.സി എന്ന ഗുണഭോക്താവിന്റെ പെൻഷൻ ആളുമാറി ഇവർ കൈപ്പറ്റി എന്നു സെക്രട്ടറിയുടെ മറുപടിയിൽ പറയുന്നതിനാൽ ആയത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ കൂടി ഹാജരാക്കേണ്ടതാണ്.

2. തങ്ക എന്ന ഗുണഭോക്താവ് മാർച്ച് 2020 ന് മരണപ്പെട്ടു. ഗുണഭോക്താവിന്റെ പെൻഷൻ റദ്ദ് ചെയ്തിരിക്കുന്നത് 2021 മെയ് മാസത്തിൽ മാത്രമാണ്. സേവന ഡിബിറ്റി വിവരങ്ങളിൽ നിന്നും 2020 മെയ്, ജൂൺ, ഒക്ടോബർ മാസങ്ങളിൽ ഈ ഗുണഭോക്താവിന്റെ പേരിലുള്ള പെൻഷൻ തുക ഡയറക്ട് ടു ഹോം എന്ന രീതിയിൽ വിതരണം നടത്തി എന്നു കാണുന്നു. എന്നാൽ സ്ഥലത്തു പോയി നേരിട്ട് അന്വേഷണം നടത്തുകയും ഇവരുടെ മകൻ ശ്രീ.രാധാകൃഷ്ണനിൽ നിന്നും മൊഴിയെടുക്കുകയും ചെയ്തത് പ്രകാരം ഗുണഭോക്താവിന്റെ മരണശേഷം പെൻഷൻ തുക കുടുംബത്തിൽ ആരും കൈപ്പറ്റിയിട്ടില്ല എന്ന് ബോധ്യപ്പെട്ടതായും അറിയിച്ചു. 2020 മെയ്, ജൂൺ, ഒക്ടോബർ മാസങ്ങളിൽ ഈ ഗുണഭോക്താവിന്റെ പേരിലുള്ള പെൻഷൻ തുക 4,000/- രൂപ അനർഹർ കൈപ്പറ്റിയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ തിരികെ ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

3. പെൻഷണറുടെ പേര് -കെ.നാണപ്പൻ,

ഇയാളുടെ പെൻഷൻ തുക ജൂലൈ 2019 ലും വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. സ്ഥലത്തു പോയി അന്വേഷണം നടത്തിയതിൽ ഇവർ മരണപ്പെട്ടതിനു ശേഷം ഇവരുടെ പെൻഷൻ തുക കുടുംബത്തിൽ ആരും കൈപ്പറ്റിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ബാങ്ക് വഴി പെൻഷൻ സ്വീകരിച്ചിരുന്ന ഇദ്ദേഹത്തിന്റെ ജൂലൈ 2019 ലെ പെൻഷൻ തുക 1200 രൂപ തിരികെ അടവാക്കുന്നതിന് നെന്മാറ കാനറാ ബാങ്ക് ശാഖാ മാനേജർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ഉത്തരവാദിയിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

4. പെൻഷണറുടെ പേര് - രാമകൃഷ്ണൻ, ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവ്

2019 ജൂൺ മാസം മരണപ്പെട്ട ഇയാളുടെ പെൻഷൻ തുക ജൂലൈ 2019 ലും അക്കൗണ്ടിൽ

നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ പെൻഷൻ തുക ഒരുമിച്ച് വിതരണം നടത്തിയതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നും ഗുണഭോക്താവിന്റെ മരണശേഷം പെൻഷൻ തുക ബന്ധുക്കൾ കൈപ്പറ്റിയിട്ടില്ല എന്ന് സെക്രട്ടറി അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചിറ്റിലഞ്ചേരി ധനലക്ഷ്മി ബാങ്ക് മാനേജർക്ക് ഇതു സംബന്ധിച്ച അറിയിപ്പ് നൽകിയിട്ടുള്ളതും ടിയാന്റെ പെൻഷൻ തുക 1,200/- രൂപ ഗ്രാമപഞ്ചായത്തിലേക്ക് രസീത് നം 12103010357O/27.01.2020 പ്രകാരം അടവാക്കിയിട്ടുള്ളതും ആണ്. ആയത് സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.ഐ.കെ.എം രൂപപ്പെടുത്തിയ വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ ആയ സേവന പെൻഷൻ വഴിയാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നത്. ഐ.കെ.എം തന്നെ വികസിപ്പിച്ച സേവന സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ് വെയർ മുഖേനയാണ് ജനനമരണവിവാഹ രജിസ്ട്രേഷനുകൾ നടപ്പിലാക്കുന്നത്. ഈ സാഹചര്യത്തിലും ഒരു പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷം പെൻഷൻ വിതരണ സോഫ്റ്റ് വെയർ ഡാറ്റാബേസിൽ നിന്നും സ്വമേധയാ ഒഴിവാക്കപ്പെടുന്ന സംവിധാനം നിലവിലില്ല. ആയത് സർക്കാർ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

2. മരണറിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിവരം നൽകുന്ന വ്യക്തി പൂരിപ്പിച്ച് നൽകേണ്ട വിവരങ്ങളിൽ മരണപ്പെട്ട വ്യക്തി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവാണോ അല്ലയോ എന്ന വിവരം ആവശ്യപ്പെടുകയോ പെൻഷണർ ആണെങ്കിൽ പെൻഷണർ ഐ.ഡി കൂടി രേഖപ്പെടുത്തുന്നതിനോ ഉള്ള സംവിധാനം ഇല്ല. ഈ വിവരങ്ങൾ കൂടി ഉൾപ്പെടുത്തുന്ന പക്ഷം ജനനമരണ രജിസ്ട്രേഷൻ ആക്ട് വകുപ്പ് 15(1) പ്രകാരമുള്ള പരിശോധനാ സംവിധാനത്തിൽ പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന് നിശ്ചിത ഇടവേളകളിൽ മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം പെൻഷൻ വിതരണ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് സാധിക്കുന്നതാണ്.

3. ആശ/അംഗൻവാടി വർക്കർമാർ ഓരോ വാർഡിലെയും മരണങ്ങൾ തദ്ദേശ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യണമെന്ന ജി.ഒ(എം.എസ്)97/20/ധന/23.9.2020 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെടുന്നില്ല. ആശ/അംഗൻവാടി വർക്കർമാരുടെ പ്രവർത്തനം അതത് വാർഡ് മെമ്പർമാർ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

4. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് ധനകാര്യ വകുപ്പ് (എസ്.എഫ്.സി-ബി) സർക്കുലർ നം 63/2021 /ധന/02.08.2021 പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

5.വ്യക്തിഗത ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷകൾ ഓൺലൈൻ ആയി ആധാർ അധിഷ്ഠിതമായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് വകുപ്പുതല നടപടികൾ സ്വീകരിക്കാവുന്നതാണ്.

6. സേവനയിൽ നിലവിൽ ലഭ്യമായ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. നിലവിൽ Pension Dicrepency List ലുള്ള എല്ലാ ഗുണഭോക്താക്കളുടെയും അർഹത പരിശോധിച്ച് അനർഹർ എന്നു കണ്ടെത്തിയാൽ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും റദ്ദ് ചെയ്യേണ്ടതും അവർക്ക് വിതരണം ചെയ്യാൻ കഴിയാത്ത തുകകൾ പ്രാദേശിക സഹകരണ സംഘത്തിലെ അക്കൗണ്ടിൽ നിലനിൽക്കുന്ന പക്ഷം ആയത് കണ്ടെത്തി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിലേക്ക് (IFSC-KSBK0000101) തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. മസ്റ്ററിംഗ് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണവുമായി ബന്ധപ്പെട്ട് നിലവിൽ ഉണ്ടായിട്ടുള്ള അപാകങ്ങൾ പ്രാദേശിക സർക്കാർ എന്ന നിലയിൽ ഒരുമിച്ചു നിന്ന് പരിഹരിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ പൊതുവായ വികസനത്തിന് അനിവാര്യമാണ്. മേൽ വിഷയത്തിൽ തുടരന്വേഷണം നടത്തി അപാകങ്ങൾ പരിഹരിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 നെൽകൃഷിക്ക് കൂലി ചെലവനുള്ള മുഴുവൻ തുകയും ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം. 6/21 – നെൽകൃഷിക്ക് കൂലി ചെലവ്

| ഫണ്ട് | അടങ്കൽ | ലഭ്യമായ തുക | ചെലവ് |
|---|---|---|---|
| വികസന ഫണ്ട് (പൊതു) | 2550000 | 2550000 | 2550000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1050000 | 1050000 | 1050000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1500000 | 960000 | 960000 |

ജില്ലാ പഞ്ചായത്ത് വിഹിതം 15,00,000/- രൂപ വകയിരുത്തിയതിൽ 9,60,000/- രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചത്. സംയുക്ത പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ പങ്കാളികളായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും മുഴുവൻ വിഹിതവും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (16/25-01-22) ലഭ്യമാക്കിയ മറുപടിയിൽ ചില സാഹചര്യങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബ്ലോക്ക്, ജില്ലാ വിഹിതത്തിൽ കുറവ് വരാറുണ്ടെന്നും ഈ കാലയളവിൽ ജില്ലാ പഞ്ചായത്ത് വിഹിതം 5,000/- രൂപയ്ക്ക് പകരം 3,200/- രൂപ മാത്രമാണ് അനുവദിച്ചതെന്നും ആയതിനാലാണ് മുഴുവൻ തുകയും ലഭിക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്.

പ്രോജക്റ്റ് രൂപീകരണത്തിനു മുമ്പായി മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം

സംസ്ഥാനത്തൊട്ടാകെയുള്ള മാലിന്യ പ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിനും മാലിന്യത്തെ വരുമാനം ആക്കി മാറ്റുന്നതിനും ലക്ഷ്യമിട്ടാണ് ഹരിത കർമ്മസേനകളുടെ പ്രവർത്തനം നടന്നു വരുന്നത്. ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ രൂപീകരണം, പ്രവർത്തനം, മാലിന്യ നീക്കം, ഹരിത കർമ്മസേനാ കൺസോർഷ്യത്തിന്റെ രൂപീകരണം, സേനാംഗങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ, ആയതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഇടപെടൽ എന്നിവയും ഹരിത സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനുമാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പദ്ധതി രേഖകൾ, ചെലവ് വൗച്ചറുകൾ എന്നിവയും ഹരിതകർമ്മസേന മീറ്റിംഗ് മിനിറ്റ്സും പരിശോധിച്ചു.

ഈ വിഷയത്തിലുള്ള നിരീക്ഷണങ്ങളും കണ്ടെത്തലുകളും ഓഡിറ്റ് സമയത്ത് തന്നെ ഓഡിറ്റ് അന്വേഷണം നം. 18/24.01.2022 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും സെക്രട്ടറിയുടെ അഭിപ്രായങ്ങൾ രേഖാമൂലം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

### ഹരിതകർമ്മസേനയുടെ രൂപീകരണ വും പ്രവർത്തനവും

വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മ സേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ ഡിസംബർ 2019 ൽ തന്നെ ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ടെങ്കിലും കോവിഡ് നിയന്ത്രണങ്ങൾ മൂലം 2021 മാർച്ച് മുതൽ മാത്രമാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 16 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിന്റെ ഹരിതകർമ്മസേനയിൽ നിലവിലെ അംഗസംഖ്യ 31 ആണ്.

സർക്കാർ അംഗീകരിച്ച പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ 27.08.2021 ലെ 5(11) നം. തീരുമാനം പ്രകാരം പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി അംഗീകരിച്ച് അന്തിമമാക്കിയിട്ടുണ്ട്. വീടുകളിൽ നിന്ന് 50 രൂപയും കടകളിൽ നിന്ന് 100 രൂപയും ആണ് യൂസർഫീ നിശ്ചയിച്ചിട്ടുള്ളത്.

യൂസർ ഫീ ഒടുക്കുന്നതിൽ തന്നെ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന് ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചു. നിശ്ചയിച്ച യൂസർ ഫീ പല വീട്ടുകാരും

നൽകുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 7000 വീടുകളും പെട്ടിക്കടകൾ ഉൾപ്പെടെ 200 വ്യാപാര സ്ഥാപനങ്ങളും ഉണ്ടെന്ന് ഹരിതകർമ്മസേന കണക്കാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം എല്ലാ വീടുകളിൽ നിന്നും യൂസർഫീ ഈടാക്കാൻ കഴിഞ്ഞാൽ ആകെ 3,70,000/- രൂപ (7000*50+200*100) കർമ്മസേനക്ക് പ്രതിമാസ വരുമാനമായി ലഭ്യമാകേണ്ടതാണ്. എന്നാൽ മുഴവൻ വീടുകളിലും സ്ഥാപനങ്ങളിലും കളക്ഷനായി എത്താൻ സാധിക്കാത്തതിനാലും എത്തിയ മുഴവൻ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ഈടാക്കാൻ സാധിക്കാത്തതിനാലും എല്ലാവരും മുഴവൻ യൂസർഫീയും നൽകാത്തതിനാലും കർമ്മസേനക്ക് വളരെ കുറഞ്ഞ വരുമാനം മാത്രമാണുള്ളത്.

2021 ഡിസംബർ മാസത്തെ യൂസർ ഫീ കളക്ഷൻ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ശേഖരണത്തിനായി പോയ വീടുകളുടെ /കടകളുടെ ആകെ എണ്ണം | യൂസർ ഫീ ലഭിച്ച വീടുകളുടെ /കടകളുടെ ആകെ എണ്ണം | ആകെ ലഭിച്ച തുക | ഒരംഗത്തിന് ലഭിക്കുന്ന ശരാശരി പ്രതിമാസ വേതനം |
|---|---|---|---|
| 5747 | 2511 | 45500 | 1400 |

സ്ഥിരമായ വാഹന സൗകര്യം ഗ്രാമപഞ്ചായത്ത് ഒരുക്കി കൊടുത്തിട്ടില്ല. വാഹനം ഏർപ്പെടുത്തുന്നതിനുള്ള ചെലവ് ഗ്രാമപഞ്ചായത്താണ് വഹിക്കുന്നത്.

ഹരിതകർമ്മസേനയെ 4 സംരംഭ ഗ്രൂപ്പുകളായി തിരിക്കുകയും കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ടെങ്കിലും സംരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയോ കൺസോർഷ്യങ്ങൾക്ക് അക്കൗണ്ട് രൂപീകരിക്കുകയോ ചെയ്തിട്ടില്ല.

2020-21 വർഷം വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകിയിട്ടില്ല. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി രൂപീകരിച്ച പദ്ധതി പ്രകാരം ആകെ 89,473/- രൂപ ഹരിതകർമ്മ സേനകൾക്ക് സാനിറ്റൈസർ, രജിസ്റ്റർ, യൂണിഫോം, കോട്ട്, മാസ്ക്, ഗ്ലൗസ്, ഗംബൂട്ട്, തുണിസഞ്ചി തുടങ്ങിയ സാധനസാമഗ്രികൾ വാങ്ങി നൽകിയിട്ടുണ്ട്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)

ഗ്രാമപഞ്ചായത്തിൽ പ്രധാന എം.സിഎഫ് കേന്ദ്രം ഇല്ല. 16 വാർഡുകളിലുമായി 10 മിനി എം.സി.എഫുകൾ മാത്രമാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്ത് ഓഫീസിനോടു ചേർന്നുള്ള വനിതാ വ്യവസായ കേന്ദ്രത്തിന്റെ ടെറസിലും പരിസരത്തുമായി ശേഖരിച്ച പാഴ്‌വസ്തുക്കൾ കൂട്ടി വച്ചിരിക്കുന്നതായി കാണുന്നു. ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനുള്ള സൗകര്യാർത്ഥമാണ് ഇത്തരത്തിൽ സൂക്ഷിച്ചിരിക്കുന്നതെന്ന് സെക്രട്ടറി അറിയിച്ചു. എല്ലാ വാർഡുകളിലേക്കും മിനി എം.സി.എഫു കളുടെ നിർമ്മാണം 2021-22 സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

ജി.ഒ(ആർ.ടി)നം.113/21/ത.സ്വ.ഭ.വ/16.01.21 പ്രകാരം പാഴ്‌വസ്തു ശേഖരണ കേന്ദ്രങ്ങളിൽ തീ പിടുത്ത സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പു വരുത്തുന്നതിനായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മതിയായ സുരക്ഷയോടെ മാത്രം ശേഖരിച്ചു സൂക്ഷിക്കേണ്ട ഇവ ജനവാസ മേഖലയും പൊതുജനങ്ങൾ കൂടുന്നതിനും സാഹചര്യമുള്ള ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്ത് സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. ഓഡിറ്റ് സമയത്ത് ഈ പ്ലാസ്റ്റിക് മാലിന്യം ഭാഗികമായി നീക്കം ചെയ്തിട്ടുണ്ടെങ്കിലും പൂർണ്ണമായും നീക്കം ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ റിസോഴ്സ് റിക്കവറി ഫെസിലിറ്റി(ആർ.ആർ.എഫ്) നിലവിലില്ല.

ഹരിത സഹായ സ്ഥാപനങ്ങൾ

15-07-2017 ലെ സ.ഉ(സാധാ)നം.2420/2018/തസ്വഭവ തിയതി ഉത്തരവു പ്രകാരം ഹരിത കേരളം മിഷൻ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ്. മുണ്ടൂർ

ഐ.ആർ.ടി.സിയെ ഹരിത സഹായ സ്ഥാപനമായി ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്തിട്ടുണ്ട്. മാലിന്യ സംസ്കരണ സംവിധാനവും ഹരിതകർമ്മ സേനയുടെ പ്രാധാന്യവും ജനങ്ങളിലേക്കെത്തിക്കുന്നതിനും ഒരു പരിധിവരെ ജനങ്ങളുടെ സഹകരണം ഉറപ്പ് വരുത്തുന്നതിനും സഹായകമാവുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ക്ലീൻ കേരള കമ്പനി

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്റ്റുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/ 20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി ഒരു തവണ മാലിന്യം ഏറ്റെടുത്തിട്ടുണ്ടെങ്കിലും കൃത്യമായ രീതിയിൽ തരംതിരിച്ചിട്ടില്ലാത്തതിനാൽ ഫീസ് ലഭ്യമായിട്ടില്ല എന്ന് ഹരിതകർമ്മസേനാംഗങ്ങൾ അറിയിച്ചു. നിലവിൽ പാഴ്‌വസ്തുക്കൾ കൃത്യമായി തരംതിരിച്ച് സൂക്ഷിക്കുന്നതിനുള്ള പരിശീലനം ഹരിത സഹായസ്ഥാപനം വഴി കർമ്മസേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ അക്കൗണ്ട് നീക്കിയിരിപ്പ്

ഹരിത കർമ്മസേനക്കായി 31.03.2021 ന് ചിറ്റിലഞ്ചേരി ധനലക്ഷ്മി ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. (അക്കൗണ്ട് നം 100122288). 10.12.2021 ലെ അക്കൗണ്ട് ബാലൻസ് 98,178/- രൂപ ആണ്.

വി.ഇ.ഒ മാരുടെ ചുമതലകൾ

ജി.ഒ(ആർടി)നം.949/2021/തസ്വഭവ തിയതി 5-5-2021 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വി.ഇ.ഒ മാരുടെ ഉത്തരവാദിത്തങ്ങൾ വിവരിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതികൾ തയ്യാറാക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ഇടപെടൽ നടത്തുന്നതിനും എം.സി.എഫി ന്റെ പ്രവർത്തനം വിലയിരുത്തുന്നതിനുമുള്ള ചുമതല വി.ഇ.ഒ യ്ക്കാണ് നൽകിയിട്ടുള്ളത്.

ഓഡിറ്റ് നിരീക്ഷണങ്ങളിന്മേലുള്ള ഗ്രാമ പഞ്ചായത്തിന്റെ അഭിപ്രായം

ഐ.ആർ.ടി.സി മുണ്ടൂരിന്റെ സഹായത്തോടെ ജനങ്ങളിൽ യൂസർഫീ സംബന്ധിച്ച് ബോധവത്കരണ കാമ്പയിനുകൾ സംഘടിപ്പിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങൾക്ക് ഗ്രീൻകാർഡ്/ ഹരിതകർമ്മസേനക്ക് യൂസർഫീ അടച്ച രസീത് നിർബന്ധമാക്കുന്നതും നികുതി ഒഴിവാക്കപ്പെട്ട 60m$^2$ ൽ താഴെ വിസ്തൃതിയുള്ള വീടുകളുടെ യൂസർഫീ ഗ്രാമപഞ്ചായത്ത് നേരിട്ട് അടവാക്കുന്നതും ഭരണസമിതിയുടെ പരിഗണനയിലുള്ള വിഷയങ്ങളാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചു. 2022-23 വാർഷിക പദ്ധതിയിൽ ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ പദ്ധതിക്കായി 9,00,000/- രൂപ വകയിരുത്തുന്നതായും അറിയിച്ചു. പഞ്ചായത്ത് തലത്തിൽ സ്ഥിരം എം.സി.എഫ് സംവിധാനം ഉണ്ടാക്കുന്നതിനും മതിയായ സുരക്ഷാക്രമീകരണങ്ങൾ ഉറപ്പ് വരുത്തുന്നതാണെന്നും അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.
  അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള യൂസർ ഫീസ് എല്ലാവരിൽ നിന്നും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
  യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- ഹരിതസംരംഭകർക്ക് ആവശ്യമായ വൈദഗ്ദ്യ പരിശീലനം നൽകി സംരംഭക പ്രവർത്തനങ്ങൾ

ആരംഭിക്കേണ്ടതാണ്.

- ഹരിതകർമ്മസേനയ്ക്ക് സ്ഥിരമായ വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനോടൊപ്പം സേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
- ഗ്രാമപഞ്ചായത്ത് തലത്തിൽ എം.സി.എഫ് ആരംഭിക്കേണ്ടതും ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തേണ്ടതും ജലലഭ്യത ഉറപ്പു വരുത്തേണ്ടതുമാണ്.
- യൂസർഫീ നൽകാത്ത വീട്ടുടമകൾ, വ്യാപാരികൾ, സേനാംഗങ്ങളോട് മോശമായി പെരുമാറുന്നവർ എന്നിവരുടെ പേരുവിവരം ശേഖരിച്ച് ഇവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഹരിത കർമ്മസേനയുടെ പ്രവർത്തനശേഷി നിരന്തരം ഉയർത്തുന്നതിനുള്ള പിന്തുണയും പ്രോത്സാഹനവും ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണ്. കർമ്മസേനയുടെ തൊഴിൽ മാന്യത ഉറപ്പു വർദ്ധിപ്പിക്കേണ്ടതും ആത്മവിശ്വാസം നിലനിർത്തുന്നതും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്.

ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 കെട്ടിടങ്ങൾ നിഷ്ക്രിയാസ്തികളായി തുടരുന്നു

ഗ്രാമപഞ്ചായത്തിന്റെ 2013-14 മുതൽ 2017-18 വരെയുള്ള കാലയളവിലുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 4 കെട്ടിടങ്ങൾ നിഷ്ക്രിയാസ്തികളായി കണ്ടെത്തിയിട്ടുണ്ട്. റിപ്പോർട്ടിൽ സൂചിപ്പിച്ച കെട്ടിടങ്ങൾ നിലവിലും നിർമ്മാണോദ്ദേശ്യപ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്ന് മേൽ റിപ്പോർട്ടിന്റെ തുടർനടപടി വിവരങ്ങളുടെ ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. 25.09.2019 നാണ് C&AG റിപ്പോർട്ടിന് അവസാനം മറുപടി നൽകിയിട്ടുള്ളത്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2018-19 വർഷത്തെ ഈ വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കെട്ടിടത്തിന്റെ നിലവിലെ സ്ഥിതിവിവരം ഓഡിറ്റ് അന്വേഷണം നം. 13/24.01.2022 പ്രകാരം അന്വേച്ചതിനുള്ള മറുപടി പരിഗണിച്ചു കൊണ്ടുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടം | 25.09.2019 ന് C&AG റിപ്പോർട്ടിന് നൽകിയ മറുപടി | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | SC വികലാംഗർക്ക് വിപണന കേന്ദ്രം | കെട്ടിടം പല തവണ പരസ്യം ചെയ്ത് ലേലത്തിൽ വച്ചെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ല. 2018-19 വർഷത്തിൽ കൃഷി വകുപ്പിന്റെ ഇക്കോ ഷോപ്പ് നടത്തി. | നിലവിൽ കെട്ടിടത്തിൽ കൃഷി ഭവന്റെയും പഞ്ചായത്തിന്റെയും ആസ്തികൾ സൂക്ഷിച്ചു വരുന്നതായാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിസരത്തു തന്നെയുള്ള കെട്ടിടം പൂട്ടിക്കിടക്കുന്ന തായാണ് കാണുന്നത്. ഈ കെട്ടിടത്തിന്റെ ടെറസിൽ തരം തിരിച്ച പ്ലാസ്റ്റിക് മാലിന്യം ചാക്കുകളിൽ സൂക്ഷിച്ചിട്ടുള്ളതായും കാണുന്നു. |
| 2 | വനിതാ വ്യവസായ ശാല കെട്ടിടം, കോതാലാം പറമ്പ്. | കുടുംബശ്രീ യൂണിറ്റുകളുടെ സ്വയം തൊഴിൽ സംരംഭ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | കെട്ടിടം നിലവിൽ ഒഴിഞ്ഞു കിടക്കുന്നു. 2019-20 വർഷം ഈ കെട്ടിടത്തിന്റെ വൈദ്യുതീകരണ പ്രവൃത്തികൾക്കായി പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 1,44,454/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ എം.സി.എഫ് കെട്ടിടത്തിനായി നിർദ്ദേശിച്ചിരുന്നെങ്കിലും പ്രദേശവാസികളുടെ പരാതി |

| | | | |
|---|---|---|---|
| | | | മൂലം കെട്ടിടം ഉപയോഗിക്കുന്നതിന് കഴിഞ്ഞിട്ടില്ല. |
| 3 | പച്ചക്കറി വില്പന കേന്ദ്രം, പാറക്കൽ കാട് | കെട്ടിടത്തിൽ പച്ചക്കറി വിപണന കേന്ദ്രം ആരംഭിച്ചെങ്കിലും തുടർന്ന് നടത്തിക്കൊണ്ടു പോകാൻ കഴിഞ്ഞിട്ടില്ല. | കെട്ടിടം നിലവിലില്ല. കെട്ടിടം പൊളിച്ചു കളഞ്ഞ് ടി സ്ഥലത്ത് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. |
| 4 | വനിതാ വിപണന കേന്ദ്രം, പാറക്കൽ കാട് | കെട്ടിടത്തിലെ എല്ലാ മുറികളും ലേലത്തിൽ പോയിട്ടുണ്ട്. | കെട്ടിടത്തിൽ നിലവിലുള്ള 4 കടമുറികളും വാടകയ്ക്ക് നൽകിയിട്ടുണ്ട്. |

ഒരു കെട്ടിടം മാത്രമാണ് നിലവിൽ നിർമ്മാണോദ്ദേശ്യപ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നത്. പാറക്കൽകടവിലുള്ള പച്ചക്കറി വിപണന കേന്ദ്രം പൊളിച്ചു മാറ്റേണ്ട സ്ഥിതിവിശേഷവും ഉണ്ടായി. പൊതു ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങൾ ഇപ്രകാരം നിർജ്ജീവമായി പോകുന്നത് ആശാവഹമല്ല. നിലവിൽ പ്രവർത്തിക്കാത്ത കെട്ടിടങ്ങൾ ഏതെങ്കിലും സാധ്യതയുള്ള പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിനും കെട്ടിടം സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ശ്രമമുണ്ടാകേണ്ടതാണ്. മതിയായ സാധ്യതാപഠനം നടത്തി ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കി ദീർഘവീക്ഷണത്തോടെ മാത്രം ഇത്തരം പദ്ധതികൾ ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

## 1-19 ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ സംവിധാനം

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ സംവിധാനങ്ങൾ വിലയിരുത്തുന്നതിനും ഈ ഇനത്തിലുള്ള വരവ്, ചെലവ് കണക്കുകളുടെ പരിശോധനയുമാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പദ്ധതി ഫയലുകൾ, തനത് ഫണ്ട് ചെലവ് രേഖകൾ, വാർഷിക ധനകാര്യ പത്രിക, ഓഡിറ്റ് അന്വേഷണം നം 14/ 24.01.2022 ന് സെക്രട്ടറി നൽകിയ മറുപടി എന്നിവയുടെ അടിസ്ഥാനത്തിലാണ് നിരീക്ഷണങ്ങൾ ചേർത്തിട്ടുള്ളത്.

1. ഗ്രാമപഞ്ചായത്ത് നേരിട്ടു നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കൽ, കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് എന്നിവയ്ക്കായി 30.05.2009 ലെ സ.ഉ(സാധാ) നം 1275/2009/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ടു പരിപാലിക്കുന്ന എല്ലാ കുടിവെള്ള പദ്ധതികളും ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കേണ്ടതാണ്. സർക്കാർ നിർദ്ദേശ പ്രകാരം ഏതാനും പദ്ധതികൾ മുൻവർഷങ്ങളിൽ ഗുണഭോക്തൃ സമിതികൾക്ക് കൈമാറി നൽകിയിട്ടുണ്ടെങ്കിലും താഴെ പറയുന്ന 5 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കാൻ കഴിയാതെ ഗ്രാമപഞ്ചായത്ത് തന്നെ നടത്തി വരുന്നുണ്ട്.

1. ചേരാമംഗലം കുടിവെള്ള പദ്ധതി.

2. കോട്ടേക്കുളം -1 കുടിവെള്ള പദ്ധതി.

3. കോട്ടേക്കുളം -2 കുടിവെള്ള പദ്ധതി.

4. എടക്കാട് കോളനി കുടിവെള്ള പദ്ധതി.

5. ചാമരിക്കാട് കുടിവെള്ള പദ്ധതി, എന്നിവയാണ് ഈ കുടിവെള്ള പദ്ധതികൾ.

ഇവയുടെ പരിപാലനത്തിനായി 4 പമ്പ് ഓപ്പറേറ്റർമാരെ ഗ്രാമപഞ്ചായത്ത് നിയമിച്ചിട്ടുണ്ട്. പമ്പ് ഓപ്പറേറ്റർമാരുടെ വേതനം, പൈപ്പ്, മോട്ടോർ അറ്റകുറ്റപ്പണികൾ, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കായി

വൻതുക ഓരോ മാസവും ചെലവഴിക്കേണ്ട സാഹചര്യം നിലവിലുണ്ട്. 2020-21 വർഷത്തിൽ ഈ ഇനത്തിലുള്ള ചെലവുകൾ താഴെ പറയുന്നു.

| | |
|---|---|
| പമ്പ് ഓപ്പറേറ്റർമാരുടെ വേതനം | 576960 |
| പൈപ്പ് ലൈൻ അറ്റകുറ്റപ്പണി | 21222 |
| മോട്ടോർ റിപ്പയർ | 145970 |
| കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് | 194907 |
| ആകെ | 939059 |

വാട്ടർചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് വരവില്ല. ആയതിനാൽ മുഴുവൻ ചെലവും ഗ്രാമപഞ്ചായത്ത് തന്നെ വഹിക്കുന്നു. മേൽ കുടിവെള്ള പദ്ധതികളുടെ ഗാർഹിക, ഗാർഹികേതര ഗുണഭോക്താക്കളുടെ എണ്ണം നിലവിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. വാട്ടർചാർജ്ജ് ഇനത്തിന് ഡി.സി.ബി രജിസ്റ്റർ സൂക്ഷിക്കുകയോ കുടിശ്ശിക കണക്കാക്കുകയോ ചെയ്തിട്ടില്ല.

ഗാർഹിക, ഗാർഹികേതര ഗുണഭോക്താക്കളുടെ വിവരം ശേഖരിച്ച് രജിസ്റ്റർ കാലികമാക്കുന്നതിനായി സർവ്വേ ഫോറം വിതരണം നടത്തിയിട്ടുണ്ടെന്നും പൂരിപ്പിച്ച സർവ്വേ ഫോറം ലഭിയ്ക്കുന്ന മുറയ്ക്ക് രജിസ്റ്ററുകൾ കാലികമാക്കി കുടിശ്ശിക കണക്കാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു.

2. പൊതുടാപ്പുകളുടെ വെള്ളക്കരം

ഗ്രാമപഞ്ചായത്തിൽ ആകെ 168 പൊതുടാപ്പുകളുടെ വെള്ളക്കരം ആണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുള്ളത്. ഒരു ടാപ്പിന് 5,250/- രൂപ വാർഷിക നിരക്കിൽ പ്രതിമാസം വെള്ളക്കരം ഇനത്തിൽ 73,500/- രൂപ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് നൽകിവരുന്നുണ്ട്. എന്നാൽ ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. സംയുക്തപരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3. ജലജീവൻ പദ്ധതി

രാജ്യത്തെ ഗ്രാമീണ മേഖലയിൽ 2024 വർഷത്തോടെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ. ആവശ്യമായ അളവ് കുടിവെള്ളം ദീർഘകാലത്തേക്ക് താങ്ങാവുന്ന ചെലവിൽ ലഭ്യമാക്കുക എന്നതും ജലജീവൻ മിഷന്റെ ലക്ഷ്യമാണ്. ഗ്രാമപഞ്ചായത്തിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 100% ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നതിന് ആകെ 3906 കണക്ഷനുകൾ കൂടി നൽകേണ്ടതുണ്ട്. കേരള ജല അതോറിറ്റിയെ ആണ് നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ആകെ 340 ലക്ഷം രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 81.25 ലക്ഷം രൂപയ്ക്ക് 1250 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി 12.19 ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനം ആരംഭിക്കാത്തതിനാൽ തുക നൽകിയിട്ടില്ല.

4. ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ ജലസംരക്ഷണ പ്രവൃത്തികൾ

ഗ്രാമപഞ്ചായത്തിലെ 3 പൊതു കിണറുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ 1,46,173/- രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. 6 പൊതുകിണറുകളുടെ നവീകരണ പ്രവൃത്തികൾ സ്പിൽ ഓവർ ആയി തുടർന്നു വരുന്നു. ചോറംകുളം നവീകരണ പ്രവൃത്തിയും സ്പിൽ ഓവർ പദ്ധതിയായി നടപ്പിലാക്കി വരുന്നതായി സെക്രട്ടറി അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്ന കുടിവെള്ള പദ്ധതികളുടെ ഗാർഹിക, ഗാർഹികേതര ഗുണഭോക്താക്കളുടെ വിവരം ശേഖരിച്ച് കുടിശ്ശിക കണക്കാക്കി ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. എല്ലാ കുടിവെള്ള പദ്ധതികളും ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

3. ജല അതോറിറ്റി ഉദ്യോഗസ്ഥന്റെയും "ജലവിതരണവും ശുചിത്വവും" എന്ന മേഖലയ്ക്കായി രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പിന്റെയും സഹായത്തോടെ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ തയ്യാറാക്കേണ്ടതാണ്. ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നതിനായി ജലഅതോറിറ്റിയുടെ പ്രാദേശിക ഓഫീസ് മേധാവിയോട് രേഖാമൂലം ആവശ്യപ്പെടാവുന്നതാണ്. പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ കണ്ടെത്തിയാൽ ആയവ നിർത്തലാക്കുന്നതിനും അവയുടെ വെള്ളക്കരം ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ ഗ്രാമപഞ്ചായത്തിനെ വിവിധ മേഖലകളാക്കി തിരിച്ച് ഓരോ മേഖലയിലും എല്ലാവർക്കും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാകുന്നതിനനുസരിച്ച് ആ മേഖലകളിലെ പൊതുടാപ്പുകൾ നിർത്തലാക്കുക എന്ന രീതിയിൽ പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ഉണ്ടാകുന്ന അധിക ചെലവ് കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിക്കാവുന്നതാണ്.

3. ജലജീവൻ പദ്ധതിയുടെ മോണിറ്ററിംഗ് ഗ്രാമപഞ്ചായത്ത് തലത്തിൽ ഉറപ്പാക്കി എത്രയും വേഗം പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

4. നിലവിലുള്ള എല്ലാ ജലസ്രോതസ്സുകളുടെയും നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുന്നതിനും പുതിയൊരു ജലസംരക്ഷണ വിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിനും ശ്രമം ഉണ്ടാകേണ്ടതാണ്. മഴവെള്ള സംഭരണം, ഭൂഗർഭജല പരിപോഷണം എന്നിവയ്ക്കായി വൈവിധ്യമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-20 എസ്.എസ്.കെ പദ്ധതി- മോണിറ്ററിംഗ് നടത്തിയിട്ടില്ല

നിർവ്വഹണം - സെക്രട്ടറി
പ്രോജക്ട് നം. 2/21 (എസ്.എസ്.കെ വിഹിതം നൽകൽ)
അടങ്കൽ-698416 (വികസനഫണ്ട് ജനറൽ)
ചെലവ് -698416 (ബിൽ നം. 26/30.09.2020)

2020-21 വർഷത്തേക്കുള്ള എസ്.എസ്.കെ പ്ലാൻ പ്രൊപ്പോസൽ പ്രകാരം ആകെ 17.46 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ ടെക്സ്റ്റ് ബുക്ക് വിതരണം, മീഡിയാ ആൻറ് കമ്മ്യൂണിറ്റി മൊബിലൈസേഷൻ, ട്രെയ്നിംഗ്, ഇന്നവേറ്റീവ് ആക്റ്റിവിറ്റീസ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുള്ളതായി 26.07.2021 ലെ വിനിയോഗ സാക്ഷ്യപത്രത്തിൽ പറയുന്നു. എന്നാൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്കൂളുകൾ അടച്ചിട്ടിരുന്ന സാഹചര്യത്തിലും ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്ന വിവരം വിദ്യാഭ്യാസം, കല വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല. എസ്.എസ്.കെ പ്രവർത്തനങ്ങളുടെ ഗുണഫലം ഗ്രാമപഞ്ചായത്തിലെ എത്ര വിദ്യാലയങ്ങളിലെ എത്ര വിദ്യാർത്ഥികൾക്ക വീതം ലഭ്യമായിട്ടുണ്ടെന്ന വിവരങ്ങളൊന്നും തന്നെ ലഭ്യമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ബി.ആർ.സി ക്ക് കത്ത് നൽകി വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം 17/24.01.2022 )

ഓഡിറ്റ് നിർദ്ദേശം

ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ നടപ്പിലാക്കിയ എസ്.എസ്.കെ പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പ് കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 എം.എൻ ലക്ഷം വീട് -പദ്ധതി വിഹിതത്തിലെ നീക്കിയിരിപ്പ് ലൈഫ് പദ്ധതിക്കായി ഉപയോഗിക്കാവുന്നതാണ്

31.03.2021 ലെ ബാലൻസ് ഷീറ്റ് ബി-17 പ്രകാരം 450430101 എന്ന ശീർഷകത്തിൽ M.N ലക്ഷം വീട് ഫണ്ട് എന്ന വിവരണത്തോടെ 11,06,684/- രൂപ നീക്കിയിരിപ്പ് ഉണ്ട്.

എം.എൻ ലക്ഷം വീട് ഒറ്റ വീടുകളാക്കൽ പദ്ധതിക്കായി ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയിലെ നീക്കിയിരുപ്പും പലിശയും ചേർന്നുള്ള ഈ തുക നിലവിൽ ആലത്തൂർ സർവ്വീസ് സഹകരണ ബാങ്ക് എസ്.ബി.അക്കൗണ്ടിൽ (A/C No. 3511) ആണുള്ളത്. 2012 മാർച്ച് മാസത്തിലാണ് ഈ അക്കൗണ്ടിൽ അവസാനമായി ഇടപാടുകൾ നടന്നിട്ടുള്ളത്. 2013-14 മുതൽ 2017-18 വർഷങ്ങളിലെ കംപ്രോളർ & ഓഡിറ്റർ ജനറൽ ഓഡിറ്റ് റിപ്പോർട്ടിലും ടി അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

സ.ഉ(എം.എസ്)നം.196/2017/തസ്വഭവ തീയതി 11-10-2017 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക VI(3) പ്രകാരം മറ്റു നിഷ്ക്രിയ ഫണ്ടുകൾ ലൈഫ് പദ്ധതിക്കായി ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിനാൽ നിലവിൽ ഗുണഭോക്താക്കൾക്ക് നൽകാൻ ബാധ്യത ഇല്ലാത്ത ഈ തുക ലൈഫ് ഭവനപദ്ധതിക്കായി ഉപയോഗിക്കുകയോ അല്ലാത്ത പക്ഷം ടി അക്കൗണ്ട് ക്ലോസ് ചെയ്യാവുന്നതുമാണ്.

1-22 സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് - സുഭിക്ഷകേരളം പദ്ധതി പ്രകാരമുള്ള പ്രോജക്റ്റ് നടപ്പിലാക്കിയിട്ടില്ല

സ.ഉ(കൈ)നം.14/2020/ആ.സാ.വ തീയതി 18-05-2020 പ്രകാരം കോവിഡിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യോത്പാദന വർദ്ധനവിനായുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക എന്നതാണ് സുഭിക്ഷ കേരളം പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ഭക്ഷ്യോത്പാദന വർദ്ധനവിനൊപ്പം തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ.ഉ(കൈ)നം.45/2020/തസ്വഭവ തീയതി 6-3-2020 പ്രകാരം പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടു വളർത്തൽ എന്നിവ സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. സ.ഉ(സാധാ)നം.1009/2020/തസ്വഭവ തിയതി 29-05-2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതി പ്രകാരം കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലയിൽ അനുവദനീയമായ സബ്സിഡിയുടെ വിശദാംശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തൻവർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്ക്കരിച്ച് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റ് പ്രകാരം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രൊജക്റ്റ് നം.-241/21

പ്രൊജക്റ്റിന്റെ പേര്-മത്സ്യ കൃഷി

അടങ്കൽ -300000 (പൊതു വിഭാഗം-സാധാരണ വിഹിതം)

-11200 (തനത് ഫണ്ട്)

-855800 (മറ്റുള്ളവ)

ആകെ - 11,67,000/-

പദ്ധതി നടപ്പാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം (നം. 3, 18-1-22) ന് മറുപടി ലഭ്യമായില്ല. കോവിഡിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിക്കുന്ന ഇത്തരം പദ്ധതികൾക്ക് പ്രാധാന്യം നൽകി സമയബന്ധിതമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-23 അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി- ടി.ഡി.എസ് കിഴിവ് നടത്തിയില്ല

എ)

| | |
|---|---|
| പ്രൊജക്റ്റ് | 14/21-അങ്കണവാടി പോഷകാഹാരം, ജനറൽ |
| അടങ്കൽ | 3175000 (1175000 (പൊതുവിഭാഗം), 2000000 (കേന്ദ്രാവിഷ്കൃതം)) |
| ചെലവ് | 2856900 ( 1175000 (പൊതുവിഭാഗം) 1681900 (കേന്ദ്രാവിഷ്കൃതം)) |
| ബിൽ നം, തീയതി | 3 /11-8-20 (443794),<br>4/30-9-20 (538401),<br>7/ 16-1-21 (192805)<br>2000000 (കേന്ദ്രാവിഷ്കൃതം) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ICDS സൂപ്പർവൈസർ |

ബി)

| | |
|---|---|
| പ്രൊജക്റ്റ് | 15/21-അങ്കണവാടി പോഷകാഹാരം, എസ് സി |
| അടങ്കൽ | 1000000 ((500000 എസ് സി പി) + (500000, കേന്ദ്രാവിഷ്കൃതം)) |
| ചെലവ് | 1000000 ((500000(എസ് സിപി) + 500000 (കേന്ദ്രാവിഷ്കൃതം)) |
| ബിൽ നം., തീയതി | 2/11-8-20 (83535),<br>5/30-9-20 (157701),<br>6/16-1-21 (258764)<br>500000 (കേന്ദ്രാവിഷ്കൃതം) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ICDS സൂപ്പർവൈസർ |

കേന്ദ്ര-സംസ്ഥാന ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), 21.07.2018 ലെ ജി.എസ്.ടി കൗൺസിൽ തീരുമാനം നം.28, കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% GST ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവർത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, 08.09.2020 ലെ സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2020-21 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാരം(ജനറൽ), അങ്കണവാടി പോഷകാഹാരം(എസ് സി) എന്നീ പ്രോജക്ടുകൾ പ്രകാരം ഹരിത കുടുംബശ്രീ യൂണിറ്റ്, വലതല എന്ന സ്ഥാപനത്തിൽ നിന്നുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വാങ്ങലിന് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാതെ, സപ്ലൈയർക്ക് മുഴുവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല.

ഓഡിറ്റ് അന്വേഷണത്തിന് (നം. 9/21-1-22) മറുപടിയായി സ്ഥാപനം ജി.എസ്.ടി അടവാക്കിയതിന്റെ

രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

ടി.ഡി.എസ് നടത്താതിരിക്കുകയും റിട്ടേൺ ഫയൽ ചെയ്യാതിരിക്കുകയും ചെയ്താൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻ പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ നിയമാനുസൃതമായ കിഴിവ് നടത്തിയതിനുശേഷം മാത്രം സപ്ലൈയർക്ക് തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 പാലിയേറ്റീവ് കെയർ- മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ സ.ഉ(സാധാ).നം.553/2019/തസ്വഭവ, 7-3-2019 പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. മേലാർകോട് ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം സ്പിൽ ഓവർ പദ്ധതി ഉൾപ്പെടെ പാലിയേറ്റീവ് കെയറിനായി 2 പ്രോജക്റ്റുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. പാലിയേറ്റിവ് കെയറുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൻ പ്രകാരം ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലാത്തതായി കാണുന്നു.

പ്രോജക്റ്റിന്റെ വിശദാം ശങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് | 26/21(New)-പാലിയേറ്റീവ് കെയർ പ്രോജക്റ്റ് |
| അടങ്കൽ | 400000 (പൊതുവിഭാഗം) +250000 (ബ്ലോക്ക് പഞ്ചായത്ത്)<br>ആകെ-650000 |
| ചെലവ് | 396395 (പൊതുവിഭാഗം) |
| ബിൽ നം., (തീയതി, തുക) | 4(11-8-20, 138636),<br>5(26-8-20, 34909)<br>6(26-8-20, 1200)<br>9(11-11-20, 1000)<br>10(11-11-20, 30810)<br>11(13-1-21, 34390)<br>12(13-1-21, 36980)<br>13(13-1-21, 37010)<br>14(13-1-21, 6000)<br>15(18-3-21, 75460) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |

| | |
|---|---|
| പ്രോജക്റ്റ് | 237/20-21(SO)-പാലിയേറ്റീവ് കെയർ പ്രൊജക്റ്റ് |
| അടങ്കൽ | 94952 (പൊതുവിഭാഗം) +<br>30636 (ബ്ലോക്ക് പഞ്ചായത്ത്)<br>=ആകെ 125588 |
| ചെലവ് | 78,788 (പൊതുവിഭാഗം) |
| ബിൽ നം, തീയതി, തുക | 1 (14-5-20, 66738)<br>2 (15-5-20, 4298)<br>3 (15-5-20, 7752) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |

1) ഹോം കെയർ റിപ്പോർട്ട് ബുക്ക് – മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല

ഖണ്ഡിക 2.6.3 പ്രകാരം അതാത് ദിവസത്തെ ഗൃഹസന്ദർശന വിവരങ്ങൾ ഹോം കെയർ റിപ്പോർട്ട് രജിസ്റ്ററിൽ ചേർക്കേണ്ടതും രജിസ്റ്റർ ആഴ്ചയിലൊരിക്കൽ കമ്മ്യൂണിറ്റി നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതും ഹോംകെയറിന്റെ ഭാഗമായി രോഗികൾക്ക് ലഭ്യമാക്കിയ സേവനങ്ങൾ

എന്തൊക്കെയാണെന്ന് വിശദീകരിച്ച് നൽകേണ്ടതും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതുമാണ്. എന്നാൽ പി എച്ച് സി യിലെ ഹോംകെയർ റിപ്പോർട്ട് രജിസ്റ്ററിൽ ഇപ്രകാരം രേഖപ്പെടുത്തി കാണുന്നില്ല.

3) മോണിറ്ററിങ് നടത്തുന്നില്ല

ഖണ്ഡിക 2.16.1, 2.16.2 എന്നിവ പ്രകാരം ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപന സമിതികൾ വർഷത്തിലൊരിക്കലെങ്കിലും പ്രത്യേക അജണ്ടയായി പാലിയേറ്റീവ് കെയർ പ്രവർത്തനം വിലയിരുത്തുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2020-21 ലെ കമ്മിറ്റി മിനുട്സുകൾ പരിശോധിച്ചതിൻ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇത് പാലിച്ചതായി കാണുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ(19, 27-1-22)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-25 ലൈഫ് മിഷൻ- ഭവനനിർമ്മാണം-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

മേലാർകോട് ഗ്രാമപഞ്ചായത്തിലെ 2 സർക്കിളുകളിലായി ലൈഫ് മിഷൻ – ജനറൽ, എസ്.സി വിഭാഗങ്ങളിലായി സ്പിൽ ഓവർ ഉൾപ്പെടെ 4 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ലൈഫ് പദ്ധതിയിലെ എഗ്രിമെന്റ് അനുസരിച്ച് ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റി ആറു മാസത്തിനകം വീട് പണി പൂർത്തിയാക്കേണ്ടതാണ്. ചെലവ് രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൻ പ്രകാരം 2019-20 ന മുൻപായി കരാർ വച്ചവരിൽ പലരും ഇപ്പോഴും ഭവനനിർമ്മാണം പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയതായി കാണുന്നില്ല.

സർക്കിൾ-1 ജനറൽ

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | വിമല, കിഴക്കേമുറി, കടമ്പിടി | 3,60,000 | 2-8-19 |
| 2 | ധന്യ, W/O സന്തോഷ്, പുത്തൻവീട്, മുതുകുന്നി | 3,60,000 | - |
| 3 | സരിത, W/o സുരേഷ്, കാത്താംപൊറ്റ | 3,60,000 | 14-7-20 |
| 4 | രാധിക W/o ചെന്താമരാക്ഷൻ കിഴക്കേ വീട് | 3,40,000 | 9-9-20 |
| 5 | വസന്ത, W/o മണി, കിഴക്കേവീട്, ചിറ്റിലഞ്ചേരി | 3,60,000 | 3-6-20 |
| 6 | സരോജിനി, W/o ഗോപാലൻ, കടമ്പിടി | 3,60,000 | 3-6-20 |

സർക്കിൾ-2 ജനറൽ

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ഷീല W/o മോഹനൻ, കുട്ടപുരക്കൽ | 3,60,000 | 2-8-19 |
| 2 | സുനിത, W/o മോഹൻദാസ്, പാലത്തോണി | 2,00,000 | 27-1-20 |

സർക്കിൾ 1-ൽ ഉൾപ്പെട്ട എല്ലാവരും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും അവസാന ഗഡു

അടുത്ത ബില്ലിൽ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കിൾ 2-ൽ ക്രമ നം-1 ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും അവസാന ഗഡു അടുത്ത ബില്ലിൽ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം-2 കുട്ടവകാശമുള്ള മറ്റൊരു 3 സെന്റ് സ്ഥലത്തിലുമായി ഭവന നിർമ്മാണം നടത്തിയിട്ടുള്ളതിനാൽ ഭരണ സമിതി തീരുമാന പ്രകാരം ബാക്കി 2,00,000/- രൂപ നൽകിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം.20, 27-1-22). പൂർത്തിയായ ഭവനങ്ങളുടെ അവസാന ഗഡു നൽകേണ്ടതും പൂർത്തിയാകാത്തവയുടെ തുടർവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26 പാലിന് സബ്സിഡി പദ്ധതി - നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

മേലാർകോട് ഗ്രാമപഞ്ചായത്തിലെ 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിൽ ക്ഷീര സഹകരണ സംഘങ്ങളിൽ നൽകുന്ന പാലിന് ഒരു ലിറ്ററിന് പരമാവധി 3 രൂപ എന്ന തോതിലും ഒരു വ്യക്തിക്ക് വർഷത്തിൽ പരമാവധി 40,000/- രൂപ എന്ന പരിധിക്ക് വിധേയമായും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതാണ് പദ്ധതി. 2019-20 ൽ പദ്ധതി ഏറ്റെടുത്തിരുന്നെങ്കിലും നടപ്പിലാകാത്തുമൂലം ഗുണഭോക്താക്കൾക്ക് ആ വർഷം സബ്സിഡി ലഭ്യമായിരുന്നില്ല. 2020-21 ൽ 19-20 ലെ സ്പിൽ ഓവർ പദ്ധതിയും പുതിയ പദ്ധതിയുമായി 2 പദ്ധതികൾ നടപ്പിലായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. സ്പിൽ ഓവർ പദ്ധതി

| | |
|---|---|
| പ്രോജക്റ്റ് | 200/21-ക്ഷീരകർകർക്ക് പാലിന് ഇൻസെന്റീവ് |
| അടങ്കൽ | 300000 (പൊതുവിഭാഗം, സാധാരണ വിഹിതം) +80000 (ജില്ലാ പഞ്ചായത്ത്)<br>ആകെ = 3,80,000 |
| ചെലവ് | 3,80,000 |
| ബിൽ നം | 1/24-4-20(3,00,000/-)<br>2/28-5-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

